# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAWYD P1/285/2021 29 03 2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 29/03/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-22 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAWYD P1/285/2021 29 03 2021 തീയ്യതി: 29/03/2021

## വയനാട് ജില്ലയിലെ വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 02-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഉണ്ണി പി കെ, | ഡെപ്യൂട്ടി ഡയറക്ടർ | 01-03-2021 | 19-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-03-2021 | 19-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജയാനന്ദ.പി.കെ,ഓഡിറ്റ് ഓഫീസർ
ശ്രീമതി,ബിന്ദു.കെ.കെ,അസി.ഓഡിറ്റ് ഓഫീസർ,
ശ്രീമതി.ടിജി വർഗ്ഗീസ് ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ ബിജേഷ് എ എം | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.നാസർ. പി.എം. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിജേഷ്.എ).എം | സെക്രട്ടറി | 01-04-2019 | 26-12-2019 |
| | | 24-02-2020 | 31-03-2020 |
| ജയപ്രശാന്ത് സി | സെക്രട്ടറി | 27-12-2019 | 23-02-2020 |
| ഡോ.അബ്രഹാം ജേക്കബ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 03-10-2019 |
| ഡോ.ദിവ്യകല | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 04-10-2019 | 31-03-2020 |
| ഡോ.മെറീന ഫിലിപ്പ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 28-08-2019 |
| ഡോ.സിറാജുദ്ദിൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 29-08-2019 | 31-03-2020 |
| ഡോ.മീനുജ.എം എസ് | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| സൈനബ സി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| പ്രവീൺ പി എൽ | അസി.എൻജിനീയർ | 01-04-2019 | 31-03-2020 |
| മേരി നെല്ലാംകുഴിയിൽ | ഹേഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| രേഖ ടി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| സലിജ ഇ എൽ | വി ഇ ഒ | 01-04-2019 | 03-12-2019 |
| ഉമാദേവി | ടി ഇ ഒ | 01-04-2019 | 16-12-2019 |
| ബിജു കെ എൻ | ടി ഇ ഒ | 17-12-2019 | 08-01-2020 |
| സുഹറ | ടി ഇ ഒ | 09-01-2020 | 31-03-2020 |
| ജോയ്സി | വി.ഇ.ഒ | 04-12-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 14-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: K.K.Bindu (Asst. Audit Officer, On 07-03-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 07-03-2021) | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: K.K.Bindu (Asst. Audit Officer, On 09-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 1-2-1 |
| 4 | ആസ്തികളുടെ മൂല്യം വാർഷികകണക്കിൽ ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല.<br>Written By: K.K.Bindu (Asst. Audit Officer, On 09-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 1-2-2 |
| 5 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലെ തുകകൾ സംബന്ധിച്ച വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 18-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 1-2-3 |
| 6 | സാമ്പത്തിക വിശകലനം<br>Written By: K.K.Bindu (Asst. Audit Officer, On 07-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 17-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: K.K.Bindu (Asst. Audit Officer, On 09-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.K.Bindu (Asst. Audit Officer, On 07-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 1-6 |
| 10 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Jayananda. H (Audit Officer, On 07-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 1-7 |
| 11 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Jayananda. H (Audit Officer, On 07-03-2021)<br>Last Updated By: Jayananda. H (Audit Officer, On 07-03-2021) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Tiji Varghese (Auditor, On 17-03-2021)<br>Last Updated By: Jayananda. H (Audit Officer, On 20-03-2021) | 1-9 |
| 13 | പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Tiji Varghese (Auditor, On 07-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 1-10 |
| 14 | വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത-പഞ്ചായത്തിന് നഷ്ടം.<br>Written By: Tiji Varghese (Auditor, On 18-03-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 20-03-2021) | 1-11 |
| 15 | കെട്ടിട നിർമ്മാണ പെർമ്മിറ്റ് അപേക്ഷയിലേയും | 1-12 |

| | | |
|---|---|---|
| | പ്ലാനിലേയും അളവുകൾ പൊരുത്തപ്പെടുന്നിപ്പെടുന്നില്ല-പെർമ്മിറ്റ് അനുവദിച്ചു.<br>Written By: Tiji Varghese (Auditor, On 18-03-2021)<br>Last Updated By: Tiji Varghese (Auditor, On 18-03-2021) | |
| 16 | ഘടനാമാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി ഈടാക്കുന്നതിൽ വീഴ്ച.<br>Written By: Tiji Varghese (Auditor, On 18-03-2021)<br>Last Updated By: Jayananda. H (Audit Officer, On 24-03-2021) | 1-13 |
| 17 | ഗ്രാമപഞ്ചായത്തിന്റെ പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Tiji Varghese (Auditor, On 18-03-2021)<br>Last Updated By: Tiji Varghese (Auditor, On 18-03-2021) | 1-14 |
| 18 | വ്യവസായ വാണിജ്യ സംരഭകത്വ സേവന ലൈസൻസ് - ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.<br>Written By: Tiji Varghese (Auditor, On 18-03-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 18-03-2021) | 1-15 |
| 19 | ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി റസീപ്റ്റ് ചെയ്യുന്നില്ല.<br>Written By: Tiji Varghese (Auditor, On 19-03-2021)<br>Last Updated By: Tiji Varghese (Auditor, On 19-03-2021) | 1-16 |
| 20 | തെക്കുംതറ വനിതാസമുച്ചയം ന്ഷ്ക്രിയആസ്തിയായി അവശേഷിക്കുന്നു<br>Written By: K.K.Bindu (Asst. Audit Officer, On 06-03-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 15-03-2021) | 1-17 |
| 21 | മലഞ്ചെരിപ്പ് കാരാറ്റ നടപ്പാത സൈഡ് കെട്ട്,മണ്ണ് ഫില്ലിംഗ് -കൺസോളിഡേഷൻ കറക്കാത്തതിനാൽ അധികച്ചെലവ് .<br>Written By: K.K.Bindu (Asst. Audit Officer, On 16-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 1-18 |
| 22 | തെരുവ് വിളക്ക് ലൈൻ വലിക്കൽ -പദ്ധതികൾ പൂർത്തീകരിച്ചില്ല<br>Written By: K.K.Bindu (Asst. Audit Officer, On 16-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 1-19 |
| 23 | തെരുവുവിളക്കുകൾ സ്ഥാപിച്ച വിവരം ഹാജരാക്കിയില്ല<br>Written By: K.K.Bindu (Asst. Audit Officer, On 16-03-2021)<br>Last Updated By: Jayananda. H (Audit Officer, On 24-03-2021) | 1-20 |
| 24 | തെരുവുവിളക്കു് മെയിന്റനൻസ്-വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല<br>Written By: K.K.Bindu (Asst. Audit Officer, On 16-03-2021)<br>Last Updated By: Jayananda. H (Audit Officer, On 24-03-2021) | 1-21 |
| 25 | മലഞ്ചെരിപ്പ് കുടിവെള്ളപദ്ധതി പ്രവർത്തനക്ഷമമാക്കിയില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 16-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 1-22 |
| 26 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - രേഖകൾ അപൂർണ്ണം<br>Written By: Jayananda. H (Audit Officer, On 17-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 1-23 |
| 27 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകതകൾ<br>Written By: Jayananda. H (Audit Officer, On 17-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 1-24 |
| 28 | കൃഷി ഭവന് യു പി എസ് വാങ്ങൽ പദ്ധതി-വാങ്ങൽ മാർഗ്ഗ രേഖ പാലിച്ചില്ല-കുറവ് രേഖപ്പെടുത്തിയ ടെൻഡർ | 1-25 |

| | | |
|---|---|---|
| | അംഗീകരിച്ചില്ല.<br>Written By: Tiji Varghese (Auditor, On 18-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | |
| 29 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 18-03-2021)<br>Last Updated By: Jayananda. H (Audit Officer, On 18-03-2021) | 1-26 |
| 30 | മാലിന്യസംസ്കരണത്തിന് പണിതീർത്ത കെട്ടിടം നിഷ്ക്രിയമായി അവശേഷിക്കുന്നു<br>Written By: K.K.Bindu (Asst. Audit Officer, On 15-03-2021)<br>Last Updated By: Jayananda. H (Audit Officer, On 26-03-2021) | 1-27 |
| 31 | വെറ്റിനറി മെഡിക്കൽ ഓഫീസറുടെ അകൗണ്ടിലെ നീക്കിയിരുപ്പ് സംബന്ധിച്ച്.<br>Written By: Tiji Varghese (Auditor, On 18-03-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 18-03-2021) | 1-28 |
| 32 | പൊതുമരാമത്ത് പ്രവൃത്തികൾ- ആസൂത്രണത്തിലും നിർവഹണത്തിലും അപാകതകൾ<br>Written By: K.K.Bindu (Asst. Audit Officer, On 06-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 1-29 |
| 33 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തിക്ക് കരാറുകാരന്റെ ലാഭവിഹിതം ,അധികനിരക്കിൽ ഓവർഹെഡ് ചാർജ്ജ് എന്നിവ അനുവദിച്ചുനൽകിയതിനാൽ നഷ്ടം<br>Written By: K.K.Bindu (Asst. Audit Officer, On 16-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 1-30 |
| 34 | എസ്.എസ്.കെ.ക്ക് നൽകിയ തുകയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല<br>Written By: K.K.Bindu (Asst. Audit Officer, On 09-03-2021)<br>Last Updated By: Jayananda. H (Audit Officer, On 24-03-2021) | 1-31 |
| 35 | അങ്കണവാടി പോഷകാഹാര പദ്ധതി-ഗുണനിലവാരം ഉറപ്പു വരുത്താതെ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത്- സംബന്ധിച്ച്.<br>Written By: Jayananda. H (Audit Officer, On 18-03-2021)<br>Last Updated By: Jayananda. H (Audit Officer, On 19-03-2021) | 1-32 |
| 36 | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം നടപ്പിലാക്കിയ പദ്ധതികളിൽ ചെലവ് വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല<br>Written By: Tiji Varghese (Auditor, On 19-03-2021)<br>Last Updated By: Jayananda. H (Audit Officer, On 19-03-2021) | 1-33 |
| 37 | ഹോമിയോ ഡിസ്പെൻസറിക്ക് ഫർണ്ണിച്ചർ വാങ്ങൽ പദ്ധതി- ക്വട്ടേഷൻ വിളിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Tiji Varghese (Auditor, On 19-03-2021)<br>Last Updated By: Tiji Varghese (Auditor, On 19-03-2021) | 1-34 |
| | **ഭാഗം 2** | |
| 1 | വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത-പഞ്ചായത്തിന് നഷ്ടം.<br>Written By: Tiji Varghese (Auditor, On 20-03-2021)<br>Last Updated By: Jayananda. H (Audit Officer, On 26-03-2021) | 2-1 |
| | **ഭാഗം 3** | |
| 1 | ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തിക്ക് കരാറുകാരന്റെ ലാഭവിഹിതം ,ഓവ്രഹെഡ് ചാർജ്ജ് | 3-1 |

| | | |
|---|---|---|
| | എന്നിവ അനുവദിച്ചതിനാൽ നഷ്ടം<br>Written By: K.K.Bindu (Asst. Audit Officer, On 20-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | |
| 2 | മലഞ്ചെരിപ്പ് കാരാറ്റ നടപ്പാത സൈഡ് കെട്ട്,മണ്ണ് ഫില്ലിംഗ് -കൺസോളിഡേഷൻ കറക്കാത്തതിനാൽ അധികച്ചെലവ് .<br>Written By: K.K.Bindu (Asst. Audit Officer, On 16-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Jayananda. H (Audit Officer, On 05-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 05-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Jayananda. H (Audit Officer, On 05-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Jayananda. H (Audit Officer, On 05-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Jayananda. H (Audit Officer, On 05-03-2021)<br>Last Updated By: K.K.Bindu (Asst. Audit Officer, On 07-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayananda. H (Audit Officer, On 05-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayananda. H (Audit Officer, On 07-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jayananda. H (Audit Officer, On 07-03-2021)<br>Last Updated By: Jayananda. H (Audit Officer, On 07-03-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 08-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayananda. H (Audit Officer, On 17-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Jayananda. H (Audit Officer, On 07-03-2021)<br>Last Updated By: Unni P.K (Deputy Director, On 29-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഖണ്ഡിക 1-13 ന്റെ അനുബന്ധം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 26.02.2019 തിയ്യതിയിലെ 1/1 നംമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പുതുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.അംഗീകരിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.-

| ഇനം | ബജറ്റ് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 9,02,000 | 1,23,09,648 | 1,14,07,648 |
| വരവ് | 11,10,84,250 | 4,35,89,665 | 6,74,94,585 |
| ആകെ | 11,19,86,250 | 5,58,99,313 | 5,60,86,937 |
| ചെലവ് | 11,07,83,250 | 4,74,99,968 | 6,32,83,282 |
| നീക്കിയിരിപ്പ് | 12,03,000 | 83,99,345 | 71,96,345 |

വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബഡ്ജറ്റ് 26/02/2019 തിയ്യതിയിലെ 1/19-20നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടുണ്ട്.

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായി കാണുന്നില്ല.സാമ്പത്തികവ്രഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ്,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

സെക്രട്ടറി, വിവിധ ഓഫീസ് തലവൻമാരുടെ യോഗം വിളിച്ച് ചേർത്ത് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച്, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ബഡ്ജറ്റ് പുതുക്കിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | റിമാർക്സ് |
|---|---|---|---|
| 31/07/2020 | 18/05/2020 | ഇല്ല | ഇല്ല |

### 1-2-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

വസ്തുനികുതിയിൽ വാർഷിക കണക്കിലെയും, സഞ്ചയ സ്റ്റോറ്റ് വെയറിൽ നിന്ന് ലഭ്യമായ ഡിമാന്റ്,കളക്ഷൻ തുകകളും പൊരുത്തപ്പെടുന്നില്ല.
ഉദ്യോഗസ്ഥരുടെ തൊഴിൽ നികുതി -പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ തൊഴിൽനികുതി ഈടാക്കിയത് വരവിൽ കൊണ്ടുവരാത്തതിനാൽ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
അഡ്വാൻസ്- രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല.ആയതിനാൽ വാർഷികകണക്കിലെ തുകകളുമായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കാതെയും അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ എന്നിവയും ഉൾകൊള്ളിച്ചിട്ടില്ല, 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ക്ഷേമപെൻഷനുകൾ ഇനത്തിലുള്ള വരവുകൾ വാർഷികകണക്കുകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

B-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല.ആയതിനാൽ വാർഷികകണക്കിലെ തുകകളുമായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്,മെയിന്റനൻസ് ഗ്രാന്റ് (റോഡ്) എന്നീയിനങ്ങളുടെ വരവുകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ വരവുകളുമായി പൊരുത്തപ്പെടുന്നില്ല.

ബാങ്ക് അക്കൌണ്ടുകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ആയതിനാൽ എത്ര അക്കൌണ്ടുകൾ ഉണ്ടെന്ന് വ്യക്തമല്ല.കേരള ഗ്രാമീണബാങ്കിലെ A/C No.40141110103630 -ൽ 15647 രൂപ ബാക്കിയുള്ളതായി കാണുന്നു.എന്നാൽ ഈ അക്കൌണ്ടിന്റെ വിവരം വാർഷികകണക്കുകളിൽ ചേർത്തിട്ടില്ല.

വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ₹30000 വരവും ചെലവും ഉണ്ടെങ്കിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലും റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലും ചേർത്തിട്ടില്ല.

മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പപദ്ധതി ക്യാഷ്ബുക്ക് പ്രകാരം നീക്കിബാക്കി 452520.5 എന്നാൽ വാർഷികകണക്കുകൾ പ്രകാരം നീക്കിയിരിപ്പ് 453425,വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല.

നിർവഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൌണ്ടിൽ ബാക്കി നിൽക്കുന്ന തുകയുടെ വിവരങ്ങൾ വാർഷികകണക്കുകളിൽ ചേർത്തിട്ടില്ല.(AE,വെറ്റിനറി സർജൻ)

## 1-2-2 ആസ്തികളുടെ മൂല്യം വാർഷികകണക്കിൽ ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല.

ആസ്തി രജിസ്റ്റർ ,സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യമൂല്യം കണക്കാക്കിയിട്ടില്ല. വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂൾ പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടുള്ളത് കൃത്യമായല്ല.. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.തൻവർഷവും മുൻവർഷങ്ങളിലും ആർജ്ജിച്ചിട്ടുള്ള ആസ്തികളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. ബി-11 ഷെഡ്യൂൾ പ്രകാരം ചേർത്തിട്ടുള്ള വിവരങ്ങൾ ഒത്തുനോക്കാൻ കഴിഞ്ഞിട്ടില്ല.

സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

തൻ വർഷം പ്രവൃത്തി പൂർത്തീകരിച്ച് ആസ്തി ആർജ്ജിക്കപ്പെട്ടതും കൃ ബിൽ ആയതിനാൽ അടുത്ത സാമ്പത്തിക വർഷം തുക നൽകാനുള്ളതുമായ ചെലവുകൾ വാർഷിക കണക്കിൽ ആസ്തി /ബാധ്യതാ പത്രികകളിൽ ഉൾകൊള്ളിക്കുന്നില്ല.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ആർജ്ജിക്കപ്പെടുന്ന ആസ്തികളുടെ വിവരങ്ങൾ ആസ്തിമൂല്യത്തിൽ ഉൾപ്പെടുത്തുന്നില്ല.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ (റോഡുകൾ ) ജില്ലാ- ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതിയുടെ ഭാഗമായി പ്രവൃത്തികൾ നടത്തുന്നതിനായി താത്കാലികമായി വിട്ടു നൽകുകയും പ്രവൃത്തി പൂർത്തീകരിച്ച് തിരികെ ലഭിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ ആസ്തികളുടെ മൂല്യത്തിലുള്ള വ്യതിയാനം സ്ഥാപനത്തിന്റെ കണക്കുകളിൽ പ്രതിഫലിക്കുന്നില്ല .

സ്ഥാപനത്തിന്റെ അധീനതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന് യഥാർത്ഥത്തിലുള്ള ആസ്തിമൂല്യം പ്രതിഫലിപ്പിക്കുന്നതിന് വാർഷിക കണക്കുകൾക്ക് സാധിച്ചിട്ടില്ല. അക്കൗണ്ട്സ് ചട്ടങ്ങളിലെ അടിസ്ഥാന തത്വങ്ങളുടെ വ്യതിയാനവും സാംഖ്യ സോഫ്റ്റ്വെയറിലെ അപാകതകളുമാണ് മേൽ അപാകതകൾക്ക് കാരണമായിട്ടുള്ളത്. അപാകതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-2-3 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലെ തുകകൾ സംബന്ധിച്ച വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക്/ ട്രഷറി അക്കൗണ്ട് സൂക്ഷിച്ച് വരുന്നുണ്ട്. പ്രസ്തുത അക്കൗണ്ടുകൾ ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൌണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. ആയതിനാൽ ഇതിലെ നീക്കിയിരിപ്പുകൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ടിന്റെ വിവരങ്ങൾ | 31.03.20 - ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | അസി. എഞ്ചിനീയർ | A/C No.40141100108772, | ₹32028/ |

| | | | |
|---|---|---|---|
| | | കേരളഗ്രാമീണബാങ്ക് | |

12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് പ്രകാരം നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ (ഡിമാണ്ട് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി) ബാങ്ക് അക്കൌണ്ട് ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൌണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ മേൽ പറഞ്ഞ നടപടികൾ സ്വീകരിച്ചിട്ടില്ല.കൂടാതെ വാർഷികകണക്കുകളിൽ ഈ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 1,23,09,648 |
| വരവ് | 4,35,89,665 |
| ആകെ | 5,58,99,313 |
| ചെലവ് | 4,74,99,968 |
| നീക്കിയിരിപ്പ് | 83,99,345 |

## 1-4 ഫണ്ട് വിനിയോഗം

വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ്, അവയിൽ നിന്നുള്ള ചെലവ്, വിനിയോഗിക്കാത്ത/ലാപ്സായ തുക എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 74,47,000 | 74,47,000 | 66,49,129 | 7,97,871 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 15,20,565 രൂപ അടക്കമുള്ള വരവു ചെലവുകൾ. 32,01,405രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട് |
| വികസനഫണ്ട് എസ്.സി.പി. | 0 | 6,87,000 | 6,87,000 | 83,166 | 6,03,834 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 70,29,000 | 70,29,000 | 28,84,389 | 41,44,611 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 73,529രൂപ അടക്കമുള്ള വരവു ചെലവുകൾ. 41,105രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 85,83,000 | 85,83,000 | 54,12,468 | 31,70,532 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 32,51,000 | 32,51,000 | 19,16,184 | 13,34,816 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 56,92,000 | 56,92,000 | 42,14,001 | 14,77,999 | |
| ജനറൽ പർപ്പസ് | 0 | 58,67,769 | 58,67,769 | 48,81,338 | 9,86,431 | |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | | |
| സമ്പൂർണ ശുചിത്വ പദ്ധതി | 20,95,587 | 0 | 20,95,587 | 7,23,960 | 13,71,627 | |
| സർവ ശിക്ഷാ അഭിയാൻ | 0 | 30,000 | 30,000 | 30,000 | 0 | |
| സംയോജിത ശിശു വികസന പദ്ധതി | 7,69,563 | 6,24,825 | 13,94,388 | 8,88,926 | 5,05,462 | |
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 0 | 0 | 0 | 0 | 0 | |
| <u>സംസ്ഥാനാവിഷ്കൃത പദ്ധതികൾ-</u> | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വിമുക്തി | 62,500 | 0 | 62,500 | 0 | 62,500 | |
| ശുചിത്വ മിഷൻ ഫണ്ട് | 0 | 0 | 0 | 0 | 0 | |
| ബി ഫണ്ട്- | | | | | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 30,000 | 30,000 | 30,000 | 0 | ` |
| തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ ചെയ്തവർക്കുള്ള ഇൻസെന്റീവ് | 0 | 4,69,000 | 4,69,000 | 4,69,000 | 0 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 7,11,46,820 | 86 | 2,99,33,749 | 46 | 22 | 56.57 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 22 | 35,97,245 | 17 | 32,37,645 | 90 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 81 | 2,47,83,076 | 37 | 1,17,73,029 | 47.50 |
| 3 | കൃഷി ഓഫീസർ | 7 | 24,45,000 | 5 | 17,32,490 | 70.85 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 9 | 1,30,48,263 | 3 | 71,84,579 | 55.06 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 32,82,500 | 3 | 23,27,224 | 70.89 |
| 6 | വെറ്റനറി സർജ്ജൻ | 8 | 24,28,750 | 5 | 3,48,638 | 14.35 |
| 7 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 3 | 6,30,000 | 3 | 6,03,640 | 95.81 |
| 8 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 7 | 11,69,000 | 6 | 8,90,331 | 76.16 |
| 9 | പ്രധാനാധ്യാപകൻ | 8 | 16,09,471 | 5 | 11,67,769 | 72.55 |
| 10 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 3 | 1,81,53,515 | 2 | 6,68,404 | 36 |
| | ആകെ | 152 | 7,11,46,820 | 86 | 2,99,33,749 | 42.07 |

വിവിധ ഫണ്ടുകളുടെ മേഖല തിരിച്ചുള്ള വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) വികസന ഫണ്ട് - ജനറൽ

| മുന്നിരിപ്പ് | വരവ് | പ്രൊ.ചെലവ് | മറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 59,26,435 | 66,49,129 | 0 | 7,22,694 |

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 8 | 11,48,420 | 5,70,000 | 5,78,420 |
| [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | |
|---|---|---|---|---|
| സേവനം | 47 | 56,87,311 | 49,94,160 | 6,93,151 |
| പശ്ചാത്തലം | 62 | 19,68,640 | 10,84,969 | 8,83,671 |
| ആകെ | 117 | 88,04,371 | 66,49,129 | 21,55,242 |

2) വികസന ഫണ്ട് - എസ്.സി.പി

| മുന്നിരിപ്പ് | വരവ് | പ്രൊ.ചെലവ് | മറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 6,87,000 | 83,166 | 0 | 6,03,834 |

| മേഖല | പ്രൊജക്കുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 1 | 3,41,600 | 0 | 3,41,600 |
| സേവനം | 2 | 3,45,400 | 83,166 | 2,62,234 |
| പശ്ചാത്തലം | 0 | 0 | 0 | 0 |
| ആകെ | 3 | 6,87,000 | 83,166 | 6,03,834 |

3) വികസന ഫണ്ട് - ടി.എസ്.പി

| മുന്നിരിപ്പ് | വരവ് | പ്രൊ.ചെലവ് | മറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 76,19,620 | 28,84,389 | 0 | 47,35,231 |

| മേഖല | പ്രൊജക്കുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 3 | 3,80,220 | 7,500 | 3,72,720 |
| സേവനം | 20 | 59,39,400 | 26,95,277 | 32,44,123 |
| പശ്ചാത്തലം | 9 | 13,00,000 | 1,81,612 | 11,18,388 |
| ആകെ | 32 | 76,19,620 | 28,84,389 | 47,35,231 |

4) ധനകാര്യ കമ്മീഷൻ ഗ്രാന്റ്

| മുന്നിരിപ്പ് | വരവ് | പ്രൊ.ചെലവ് | മറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 56,93,404 | 42,14,001 | 0 | 14,79,403 |

| മേഖല | പ്രൊജക്കുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 0 | 0 | 0 | 0 |
| സേവനം | 0 | 8,80,000 | 6,43,929 | 2,36,071 |
| പശ്ചാത്തലം | 0 | 59,49,900 | 35,70,072 | 23,79,828 |
| ആകെ | 0 | 68,29,900 | 42,14,001 | 26,15,899 |

5) മെയിന്റനൻസ് ഗ്രാന്റ് (റോഡ്)

| മുന്നിരിപ്പ് | വരവ് | പ്രൊ.ചെലവ് | മറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 85,83,000 | 54,12,468 | 0 | 31,70,532 |

| മേഖല | പ്രൊജക്കുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 0 | 0 | 0 | 0 |
| സേവനം | 0 | 0 | 0 | 0 |
| | | | | |

| | | | | |
|---|---|---|---|---|
| പശ്ചാത്തലം | 7 | 1,02,23,000 | 54,12,468 | 48,10,532 |
| ആകെ | 0 | 1,02,23,000 | 54,12,468 | 48,10,532 |

6) മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)

| മുന്നിരിപ്പ് | വരവ് | പ്രൊ.ചെലവ് | മറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 32,51,000 | 19,16,184 | 0 | 13,34,816 |

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 3 | 3,00,000 | 2,93,888 | 6112 |
| സേവനം | 13 | 15,10,000 | 12,29,794 | 2,80,206 |
| പശ്ചാത്തലം | 2 | 15,71,000 | 3,92,502 | 11,78,498 |
| ആകെ | 0 | 33,81,000 | 19,16,184 | 14,64,816 |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 3,645 | 80,02,248 | 80,05,892.5 | 75,53,372 | 4,52,520.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,72,55,047 | 2,72,55,047 | 2,72,55,047 | 0 |
| ആകെ | 3,644.5 | 3,52,57,295 | 3,52,60,939.5 | 3,48,08,419 | 4,52,520.5 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 17101പദ്ധതികളുൾപ്പെടുന്ന 32,33,58,000 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 171 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 97,311 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 584 കുടുബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19,560 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 17,82,000 | 310 |
| വിധവാപെൻഷൻ | 28,17,600 | 505 |
| വാർദ്ധക്യകാലപെൻഷൻ | 35,80,500 | 666 |
| വികലാംഗപെൻഷൻ | 6,72,300 | 114 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 9,600 | 1 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30,000 | 1 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01-03-2021 തീയ്യതിയിൽ 3.30pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ്

ബാലൻസായ 17,580 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തിൽ നിരവധി സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച പരാമർങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരമസമിതി 25 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 15 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 13പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 12പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നണ്ട്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 11 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുന്നില്ല. സൂചിക സോഫ്റ്റ് വെയറിലെ വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഫയലിൽ സൂക്ഷിക്കുന്നില്ലാത്തതിനാൽ ഫയലുകളുടെ മേൽ പരിശോധനാ വിവരം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

അക്കൌണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൌണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്.സാംഖ്യ രസീതികൾക്കും റസീറ്റ് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അവയുടെ സ്റ്റോക്ക് കൃത്യമാണ്.അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൌണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്.

സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൌണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ച് വരുന്നത്. ക്ലാർക്കുമാർ സ്വികരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചാത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. തൻവർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട് .ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. കമ്മിറ്റി മിനിറ്റ്സിൽ എല്ലാ പർച്ചേസുകളുടേയും വിവരം ചേർത്തിട്ടില്ല. മിനിറ്റ്സ് ബുക്കിന്റെ പേജുകൾ ഒഴിച്ചിട്ട നിലയിലാണ് കാണപ്പെടുന്നത്.പേജ് നം.53 മുതലാണ് 2019-20 വർഷത്തെ മിനിട്ട്സ് എഴുതി തുടങ്ങിയതെങ്കിലും 54,56,57,58 എന്നിവയൊക്കെ ഒഴിച്ചിട്ട നിലയിലാണ്.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പിനായി നിരവധി പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് പ്രൊക്യുർമെന്റ് കമ്മിറ്റി വെറ്റിനറി സർജ്ജൻ, ടി ഇ ഒ എന്നിവർ നടത്തിയ പദ്ധതികളിലെ വാങ്ങലുകളിൽ മാത്രമേ തീരുമാനം കൈക്കൊണ്ടിട്ടുള്ളൂ. ക്വട്ടേഷൻ, ടെണ്ടർ, വിതരണം നടത്തിയത്, വിതരണം ചെയ്ത സാധനം സ്പെസിഫിക്കേഷൻ പ്രകാരമാണോ, പണം നൽകൽ ഈ കാര്യങ്ങളൊന്നും തന്നെ പ്രൊക്യുർമെന്റ് കമ്മിറ്റി പരിശോധിച്ചിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ

കൃത്യമായ ഇടപെടലുകൾ ആവശ്യമാണ്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷിക ആവശ്യങ്ങളെ തിട്ടപ്പെടുത്തിയിട്ടുള്ള പ്രൊക്വയർമെന്റ് പ്ലാനും ബഡ്ജറ്റും തയ്യാറാക്കാതെ ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണ് പഞ്ചായത്ത് സ്വീകരിച്ചിരുന്നത്. ഉദാ.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള യു പി എസ്സ് വാങ്ങൽ പദ്ധതി. ഇത് ത.സ്വ.ഭ.വ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 8/11/10 ലെ ജി ഒ (പി) 259/10/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതികൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ ഏജൻസികളിൽ നിക്ഷപ പ്രവർത്തികൾക്കായി അടക്കുന്ന തുകകളുടെ വിനിയോഗ വിവരങ്ങൾ നിരീക്ഷിക്കപ്പെടുന്നില്ല.

പഞ്ചായത്തിൽ പദ്ധതിരൂപീകരണ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്.പതിമൂന്നാം പഞ്ചവൽസരപദ്ധതിയിലെ ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ പാലിക്കേണ്ട നടപടിക്രമങ്ങളും ചുമതലകളും സംബന്ധിച്ച് 29.01.2018 ലെ ജി.ഒ.(എം.എസ്) 11/2018.ത.സ്വ.ഭ.വ പ്രകാരം നൻകിയ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ പ്രോജക്റ്റുകളെല്ലാം വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചർച്ച ചെയ്തവയല്ല. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. മിനിറ്റ്സ് ബുക്കിന്റെ പേജുകൾ ഒഴിച്ചിട്ട നിലയിലാണ്. നടപ്പുപദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിരൂപീകരിച്ചിട്ടുണ്ട്. വെങ്ങപ്പള്ളി സർവീസ് കോ ഓപ്പറേറ്റിവ് ബാങ്ക് ശാഖയിൽ ഇതിനായ് ഒരു അക്കൗണ്ട് (നം 2927) ആരംഭിച്ചിട്ടുണ്ട്. 9.12.2004ന് ആരംഭിച്ച ഈ സീറോ ബാലൻസ് അക്കൗണ്ടിൽ തുകയൊന്നുംതന്നെ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധിയിൽനിന്നും ആർക്കും ഇതുവരെ ധനസഹായവും നൽകിയിട്ടില്ല. പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി പേരിനുമാത്രം ആരംഭിച്ചതല്ലാതെ, ചട്ട പ്രകാരം ചെയ്യേണ്ടതായ മറ്റ് പ്രവർത്തനങ്ങളുന്നും ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല. ആയതിനാൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത-പഞ്ചായത്തിന് നഷ്ടം.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടത്തിന്റെ അടിസ്ഥാനത്തിലുള്ള വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 23/01/2012 ലെ 181/12 ാം നമ്പർ തീരുമാന പ്രകാരം 100 M2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 55/- രൂപയാണ്. മേൽ ചട്ടത്തിലെ 3 ാം ചട്ടത്തിലെ ഉപചട്ടം 2,5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി അടിസ്ഥാന നിരക്ക് 40/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിനാൽ പഞ്ചായത്തിന് നഷ്ടം വന്നിട്ടുണ്ട്.വിശദവിവരങ്ങൾക്ക് ഖണ്ഡിക 2-1 കാണുക.

## 1-12 കെട്ടിട നിർമ്മാണ പെർമ്മിറ്റ് അപേക്ഷയിലേയും പ്ലാനിലേയും അളവുകൾ പൊരുത്തപ്പെടുന്നിപ്പെടുന്നില്ല- പെർമ്മിറ്റ് അനുവദിച്ചു.

2019-20 സാമ്പത്തീക വർഷ ഓഡിറ്റിന്റെ ഭാഗമായി കെട്ടിട നിർമ്മാണ അനുമതി ഫയൽ പരിശോധിച്ചതിൽ കെട്ടിട നിർമ്മാണ പെർമ്മിറ്റിനുള്ള അപേക്ഷയിലും പ്ലാനിലും രണ്ടു തരത്തിൽ പെർമ്മിറ്റ് ആവശ്യമായ കെട്ടിടത്തിന്റെ വിസ്തീർണ്ണം കാണിച്ച് സമർപ്പിച്ച അപേക്ഷക്ക് പെർമ്മിറ്റ് അനുവദിച്ചതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1.പതിനൊന്നാം വാർഡിൽ( റി.സ.നം.666/28) ഖൈറുന്നീസ അത്തിക്കാവിൽ (ഫയൽ നം.4536/19) എന്നവർ 178.65 ച.മീ. വിസ്തീർണ്ണത്തിലുള്ള(Resi-107.83 ച.മീ, Com-70.82) കെട്ടിടം പണിയാൻ 25/07/19 തിയ്യതിയിൽ കെട്ടിട നിർമ്മാണ അനുമതിക്ക് അപേക്ഷിക്കുകയും(പ്ലാൻ പ്രകാരം) 02/08/19 തിയ്യതിയിൽ 148.41 ച.മീ.(Resi-89.91 ച.മീ, Com-58.5ച.മീ) കെട്ടിടത്തിനുള്ള നിർമ്മാണ അനുമതി നൽകുകയും 04/09/2019 തിയ്യതിയിൽ രസീതി നം.1190100100538 പ്രകാരം 563/- രൂപ പെർമ്മിറ്റ് ഫീസിനത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. 178.65 ച.മീ. കെട്ടിടം നിർമ്മിക്കാനുള്ള അപേക്ഷ സമർപ്പിച്ചിട്ടും 148.41 ച.മീ. വിസ്തീർണ്ണത്തിന് മാത്രമാണ് കെട്ടിട നിർമ്മാണ അനുമതി നൽകിയത്. പെർമ്മിറ്റ് ഫീസിനത്തിൽ((Resi-17.92*3 ച.മീ, Com-12.32*5ച.മീ) 115.36 രൂപ കുറവായിട്ടാണ് ഈടാക്കിയിട്ടുള്ളത്.

2.പന്ത്രണ്ടാം വാർഡിൽ(റി.സ.നം.44/5,R-44/5) ശ്രീ.അനസ്സ് സെയ്തലവി,കരിയകത്ത്, ചുണ്ടേൽ, വൈത്തിരി (ഫയൽ നം.2418/19) എന്നവർ 234.98 ച.മീ. വിസ്തീർണ്ണത്തിലുള്ള പാർപ്പിടം നിർമ്മിക്കാൻ 30/04/19 തിയ്യതിയിൽ നിർമ്മാണ

അനുമതിക്ക് അപേക്ഷിക്കുകയും(പ്ലാൻ പ്രകാരം) 03/05/19 തിയ്യതിയിൽ 217.8 ച.മീ. കെട്ടിടത്തിനുള്ള നിർമ്മാണ അനുമതി നൽകുകയും 17/05/2019 തിയ്യതിയിൽ രസീതി നം.119010100152 പ്രകാരം 654/- രൂപ പെർമ്മിറ്റ് ഫീസിനത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. 234.98 ച.മീ. കെട്ടിടം നിർമ്മിക്കാനുള്ള അപേക്ഷ സമർപ്പിച്ചിട്ടും 217.8 ച.മീ. വിസ്തീർണ്ണത്തിന് മാത്രമാണ് കെട്ടിട നിർമ്മാണ അനുമതി നൽകിയത്. പെർമ്മിറ്റ് ഫീസിനത്തിൽ 51.54രൂപ കുറവായിട്ടാണ് ഈടാക്കിയിട്ടുള്ളത്.

മേൽ പറഞ്ഞ രീതിയിൽ പ്ലാനിലെയും അപേക്ഷയിലേയും അളവുകൾ തമ്മിൽ പൊരുത്തക്കേടുണ്ടായിട്ടും കെട്ടിട നിർമ്മാണ അപേക്ഷ തിരിച്ചയക്കാതെ പെർമ്മിറ്റ് നർകിയതിന് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/2019-20/ 10.03.2021)മറുപടിയായി പെർമ്മിറ്റ് ഫീസിനത്തിൽ കുറവു വന്ന തുക ഉത്തരവാദിയിൽ നിന്നും ഈടാക്കിയതിന്റെ രസീതി ഹാജരാക്കിയിട്ടുണ്ട്.(രസീതി നം.1200101818,1200101819 തിയ്യതി.17/03/21) എന്നാൽ പ്ലാനിലെയും അപേക്ഷയിലേയും അളവുകൾ തമ്മിൽ പൊരുത്തക്കേടുണ്ടായിട്ടും കെട്ടിട നിർമ്മാണ അപേക്ഷ തിരിച്ചയക്കാതെ പെർമ്മിറ്റ് നർകിയതിന് വിശദീകരണം സമർപ്പിച്ചിട്ടില്ല.

## 1-13 ഘടനാമാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി ഈടാക്കുന്നതിൽ വീഴ്ച.

വെങ്ങപ്പള്ളി പഞ്ചായത്തിലെ 6, 8, 9, 10, 11വാർഡുകളിലെ ക്ലാർക്കുമാർ തങ്ങളുടെ വാർഡുകളിൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടങ്ങൾ വിപുലീകരിച്ചിട്ടുണ്ടെന്ന് കണ്ടെത്തി സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഇതിനെ തുടർന്ന് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വെങ്ങപ്പള്ളി പഞ്ചായത്ത് ഭരണസമിതിയുടെ 16/05/2019 തിയ്യതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടുതൽവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ അളന്ന് തിട്ടപ്പെടുത്തി നികുതി പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചു. 25.06.2019 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 15/19-20 തീരുമാന പ്രകാരം ഘടനാമാറ്റമോ കൂട്ടിചേർക്കലോ വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനനിർണ്ണയിക്കുന്നതിനും കെട്ടിട ഉടമകളോട് നിശ്ചിത സമയ പരിധിക്കുള്ളിൽ പ്ലാൻ സമർപ്പിക്കുന്നതിനും സമയ പരിധി കഴിഞ്ഞിട്ടും പ്ലാൻ സമർപ്പിക്കാത്തവരുടെ കെട്ടിടങ്ങളുടെ നികുതി പഞ്ചായത്ത് തന്നെ പുനനിർണ്ണയിച്ച് വസ്തു നികുതി ഡിമാന്റ് ചെയ്യുന്നതിനും തീരുമാനിച്ചിരുന്നു. പഞ്ചായത്ത് സെക്രട്ടറിയുടെ 30.11.2019 തിയ്യതിയിലെ എ3-2715/19 നമ്പർ ഉത്തരവ് മുഖേന 13 ജീവനക്കാരെ ഫീൽഡ് പരിശോധന നടത്തി വസ്തു നികുതി പുന നിർണ്ണയിക്കുന്നതിന് നിയമിക്കുകയും രണ്ടു ജീവനക്കാരെ റിപ്പോർട്ട് ക്രോഡീകരിക്കുന്നതിനും ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ജീവനക്കാർ റിപ്പോർട്ട് സമർപ്പിച്ചതായോ തുടർ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 26/2019-20/ 17.03.2021)മറുപടിയായി ഡിസംബർ മാസത്തിലെ ബൈഇലക്ഷൻ, ജീവനക്കാരുടെ സ്ഥലം മാറ്റം, കോവിഡ് സാഹചര്യങ്ങൾ എന്നിവമൂലം നികുതി പുനനിർണ്ണയം നടത്താൻ സാധിച്ചില്ലെന്നും 2021ഏപ്രിൽ മാസം മുതൽ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

തനത് വരുമാനം കുറഞ്ഞ വെങ്ങപ്പള്ളി പഞ്ചായത്തിന് ഘടനാ പരമായ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കുന്നതിലൂടെ വരുമാനം വർദ്ധിക്കുന്നതിന് സഹായകമാകും. ഇക്കാര്യത്തിലുള്ള പഞ്ചായത്ത് സെക്രട്ടറിയുടേയും ജീവനക്കാരുടേയും ഭരണ സമിതിയുടേയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ഇടപെടലുകൾ മറ്റ് പഞ്ചായത്തുകൾക്ക് അനുകരണീയ മാകുകയാണ്. 13 വാർഡുകളുള്ള പഞ്ചായത്തിൽ 5 വാർഡുകളിൽ മാത്രം 37 കെട്ടിടങ്ങൾക്ക് ഘടനാ മാറ്റം വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടത്തി പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള സത്വര നടപടികൾ കൈക്കൊണ്ട് വിവരം അറിയിക്കേണ്ടതാണ്.

25.06.2019 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 15/19-20 തീരുമാന പ്രകാരം ഘടനാമാറ്റമോ കൂട്ടിചേർക്കലോ വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ അനുബന്ധം 3 ൽ ചേർത്തിട്ടുണ്ട്.

100 ച.മീ ന് മുകളിൽ വിസ്തീർണ്ണമുള്ളത്.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം |
|---|---|---|
| 1 | അബ്ദുൾ റഹ്മാൻ വെങ്ങളത്ത് | 10/46 |
| 2 | സാലിഹ് അയ്യർ,പിണങ്ങോട് | 10/54 |
| 3 | അഷ്റഫ് കനിയിൽ,പിണങ്ങോട്. | 10/150 |
| 4 | എൻ അസ്സീസ്, നെല്ലിക്ക, പിണങ്ങോട്. | 10/133 |
| 5 | ഷിഫാനത്ത്, മണക്കോടൻ,പിണങ്ങോട്. | 10/117 |
| 6 | കെയാമു,പുളിയൻ ചാലിൽ,പിണങ്ങോട്. | 10/29 |
| 7 | ടി.പി.സൈനുദ്ധീൻ,തെങ്ങും പറമ്പിൽ. | 10/55 |
| 8 | കുഞ്ഞബ്ദുള്ള പി.കെ | 10/133A |
| 9 | എം ശിവദാസൻ,വൃന്ദാവനം | 9/112 |
| 10 | അസ്സനാർ, കണ്ണോത്ത്, പിണങ്ങോട്. | 9/115 |
| 11 | മുസ്തഫ,ചാലയിൽ,പിണങ്ങോട്. | 9/146 |

| | | |
|---|---|---|
| 12 | അബ്ദുള്ള, കുടുക്കിൽ, പിണങ്ങോട്. | 9/33A |
| 13 | മൊയ്തു,പെട്ടിന്റെവിട,പുഴമുടി. | 8/76 |
| 14 | സൈനബ,മുക്രി,പുഴമുടി. | 8/92 |
| 15 | കുഞ്ഞുമുഹമ്മദ്,ചാലക്കത്തൊടി,പുഴമുടി. | 8/97 |
| 16 | അബ്ദുറസാഖ്.വി കെ | 8/99A |
| 17 | പി.വി.മുസ്തഫ | 8/46 |
| 18 | തങ്കലക്ഷ്മി | 8/223 |
| 19 | ആയിഷ നെടിയറമ്പത്ത് | 10/115 |
| 20 | ഹമിദ അബ്ദുള്ള | 8/5 |
| 21 | അഖിൽ കുമാർ | 8/35A |
| 22 | പാത്തുമ്മ മുതൽപേർ | 8/61 |
| 23 | മുസ്തഫ കെ,കളരിക്കൽ | 9/169 |
| 24 | സുലൈഖ ചള്ളിയാടി. | 9/220 |
| 25 | കെ കെ ലക്ഷ്മിയമ്മ | 6/2 |
| 26 | എൻ ജെ മത്തായി. | 6/11 |
| 27 | നാരായണൻ, നീരജ്ഭവൻ. | 6/14-2 |
| 100 ച.മീ ന് താഴെ വിസ്തീർണ്ണമുള്ളത്. | | |
| 28 | മൈമൂന ഉസ്മാൻ | 9/1 |
| 29 | നബീസ മണ്ണക്കര | 10/78 |
| 30 | ജമീല മാണ്ടാത്ത്. | 8/21 |
| 31 | വി.എസ് നിർമ്മല | 8/53 |
| 32 | സരസ്വതി.പി | 8/54 |
| നമ്പറിടാത്ത കെട്ടിടങ്ങൾ. | | |
| 33 | അയ്യൂബ്, തോട്ടശ്ശേരി. | |
| 34 | ഉസ്മാൻ | |
| നിലവിൽ കൂട്ടിച്ചേർക്കൽ നടന്നുകൊണ്ടിരിക്കുന്നവ. | | |
| 35 | പള്ളിപ്പാറ സൌദ | 9/85 |
| 36 | മുഹമ്മദ് സാലി | 9/77 |
| 37 | ഇസ്മയിൽ റംല | 9/189 |

മേൽ കെട്ടിടങ്ങൾ കൂടാതെ ഘടനാമാറ്റമോ കൂട്ടിചേർക്കലോ വരുത്തിയിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടേയും വിവരങ്ങൾ ശേഖരിച്ച് കുറവുവന്ന നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 ഗ്രാമപഞ്ചായത്തിന്റെ പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഡിമാന്റ് നോട്ടീസ് അയക്കുകയോ ചെയ്തിട്ടില്ല.1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരർദ്ധവർഷം തൊഴിൽ നികുതി കൊടുക്കുന്നതിന് ബദ്ധ്യസ്ഥനോ, ബാധ്യസ്ഥരോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനിയോട്/ആളോട് തുടർന്നുള്ള അർദ്ധവർഷത്തിൽ ഫോറം VI ലുള്ള നോട്ടീസ് പ്രകാരം 15 ദിവസത്തിനുള്ളിൽ റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേണ്ടതായിരുന്നു. അതുപോലെത്തന്നെ മേൽ ചട്ടങ്ങളിൽ ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിയ്ക്ക് തൊഴിലുടമയോട് സ്ഥാപനത്തിൽ ജോലിചെയ്യുന്ന എല്ലാവരുടേയും പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റ്, വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്. LSGD എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന 26 അംഗീകൃത കരാറുകാർ ഉണ്ട്. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശം ഉണ്ടായിട്ടും നാളിതുവരെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ വാർഷിക കണക്കും ഡിമാന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല, കൂടാതെ വാർഷിക സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കരാറുകാരിൽ നിന്നുള്ള തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ തൊഴിൽനികുതി പൂർണ്ണമായും ഈടാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 വ്യവസായ വാണിജ്യ സംരംഭകത്വ സേവന ലൈസൻസ് - ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 31.10.2017 ലെ ജി.ഒ.(പി) 80/2017 ത സ്വ ഭ വ എസ് ആർ ഒ നം.674/17പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ നിന്ന് പകുതിയിലധികം അപേക്ഷകൾക്കും വ്യവസായ വാണിജ്യ സംരംഭകത്വ സേവന ലൈസൻസിനുള്ള അപേക്ഷാ ഫോമോ അതുപ്രകാരമുള്ള ലൈസൻസ് ഫീസോ ഈടാക്കുന്നില്ല. ഭൂരിഭാഗം അപേക്ഷകളും അപൂർണ്ണമാണ്. അപേക്ഷാ ഫോറത്തിലെ എല്ലാ വിവരങ്ങളും ചേർത്തിട്ടില്ല. വ്യാപാരികളിൽ നിന്ന് മൂലധന നിക്ഷേപക്കണക്ക് ലഭ്യമാക്കാതെയാണ് ലൈസൻസ് ഫീസ് കണക്കാക്കിയത്. ലൈസൻസ് ഫീസ് കണക്കാക്കിയത് സംബന്ധിച്ച മുഴുവൻ വിവരങ്ങളും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള(നം.22/2019-20/ 10.03.2021 ) മറുപടിയിൽ ലൈസൻസ് പുതുക്കുന്ന സമയത്ത് ലൈസൻസിനുള്ള പുതിയ അപേക്ഷ ഗ്രാമലക്ഷ്മി മന്ത്രാലയത്തിൽ നിന്നും ലഭ്യമാവാത്തതിനാലാണ് പഴയ അപേക്ഷാഫോമിൽ അപേക്ഷ സ്വീകരിച്ചതെന്നും പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറുടെ 16/02/2018 തിയ്യതിയിലെ എ7-949/18 നം ഉത്തരവ് പ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്നും സെക്രട്ടറി അറിയിച്ചു. വ്യാപാരികളുടെ മൂലധന നിക്ഷേപത്തിന്റെ വിവരങ്ങളില്ലാതെ ലൈസൻസ് ഫീസ് കണക്കാക്കിയതെങ്ങനെയെന്ന് വിശദീകരിക്കേണ്ടതാണ്.

## 1-16 ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി റസീപ്റ്റ് ചെയ്യുന്നില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 20 അനുസരിച്ച് പഞ്ചായത്തിന്റെ എല്ലാ വരവുകളും റസീപ്റ്റ് ചെയ്യേണ്ടതാണ്. എന്നാൽ വെങ്ങപ്പള്ളി പഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി റസിപ്റ്റ് ചെയ്തിട്ടില്ല. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം നോൺ-അക്രൂവൽ ഇനമായ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ₹4,97,030/- ആണ്. നോൺ-അക്രുവൽ ഇനമായതിനാൽ ഡിമാൻഡ് തുക തന്നെയായിരിക്കണം കളക്ഷനും. എന്നാൽ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം റസീപ്റ്റ് ₹4,83,280/- ആണ്. ഇവ തമ്മിലുള്ള വ്യത്യാസം ₹13,750/- ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതിയാണ്. ആയത് റസീപ്റ്റ് ചെയ്യാതെ ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്തതിനാലാണ് പ്രസ്തുത തുക റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ വരാതിരുന്നത് . ഇത് ശരിയായ നടപടിയല്ല. ഇആയതിനാൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി സെക്രട്ടറിയുടെ പേരിൽ റസീപ്റ്റ് ചെയ്യേണ്ടതാണ്.

## 1-17 തെക്കുംതറ വനിതാസമുച്ചയം നിഷ്ക്രിയആസ്തിയായി അവശേഷിക്കുന്നു

ഓഡിറ്റ് വർഷം റിപ്പയർ പൂർത്തീകരിച്ച താഴെപ്പറയുന്ന കെട്ടിടം നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

. പ്രോജക്ട് നമ്പർ- 67/20

പ്രോജക്ട്-തെക്കുംതറ വനിതാസമുച്ചയം മെയിന്റനൻസ്

നിർവഹണം- അസി.എൻജിനീയർ

അടങ്കൽ- 200000

ഫണ്ട്-മെയിന്റനൻസ് ഫണ്ട് റോഡിതരം

ട്രഷറി ബിൽ നമ്പർ -28/18.01.20

ചെലവഴിച്ച തുക-₹192502

03.03.21 ന് നടത്തിയ സ്ഥലപരിശോധനയിൽ നിലവിലും കെട്ടിടം ഉപയോഗിക്കുന്നതായി കണ്ടില്ല.ഒരു മുറി മാത്രം പോസ്റ്റ്ഓഫീസിന് വാടകക്ക് നൽകിയിട്ടുണ്ട്.കെട്ടിടം ഉപയോഗക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വാടക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളും സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് നൽകേണ്ടതാണ്.കെട്ടിടത്തിന്റെ വിവരം ആസ്തിരജിസ്റ്ററിൽ ചേർത്തതിന്റെ വിവരങ്ങളും ഓഡിറ്റിന് നൽകേണ്ടതാണ്

## 1-18 മലഞ്ചെരിപ്പ് കാരാറ്റ നടപ്പാത സൈഡ് കെട്ട്,മണ്ണ് ഫില്ലിംഗ് -കൺസോളിഡേഷൻ കുറക്കാത്തതിനാൽ അധികച്ചെലവ് .

ഓഡിറ്റ് വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തിയിൽ സൈറ്റിൽ മണ്ണ് നിറച്ചതിന്റെ കൺസോളിഡേഷൻ കുറവ് വരുത്തിയിട്ടില്ല. എസ്റ്റിമേറ്റിലെ ഒന്നാമത്തെ ഇനമായ "Filling With Contractors Earth (Excluding Rock)In Open Areas " എന്ന പ്രവൃത്തിയിൽ 88.834 M3 പ്രവൃത്തി ചെയ്തതിന് 20% കൺസോളിഡേഷൻ നടത്താതെ തുക അനുവദിച്ചതിനാൽ 4894 രൂപ (88834x20/100x275.44)അധികം നൽകിയിട്ടുണ്ട്.വിശദവിവരങ്ങൾക്ക് ഖണ്ഡിക3-2 കാണുക.

## 1-19 തെരുവ് വിളക്ക് ലൈൻ വലിക്കൽ -പദ്ധതികൾ പൂർത്തീകരിച്ചില്ല

താഴെ പറയുന്ന തുകകൾ തെരുവ് വിളക്ക് ലൈൻ വലിക്കൽ പ്രവർത്തികൾക്കായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ അടച്ചിട്ടുണ്ട്.എന്നാൽ പദ്ധതിപൂർത്തീകരണവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം, പേര് | ബിൽ നം., തീയതി | ചെലവ് തുക |
|---|---|---|---|
| 1 | 177/19<br>CFC ഗ്രാന്റ്<br>നക്കുനി കോളനി തെരുവുവിളക്ക് ലൈൻവലിക്കൽ | 33/18.01.20 | ₹34994 |
| 2 | 96/19<br>CFC ഗ്രാന്റ്<br>മൊട്ടത്താൻ തുർക്കി,നെല്ലിക്ക പ്രദേശങ്ങളിൽ തെരുവുവിളക്ക് ലൈൻവലിക്കൽ | 23/19.09.19 | ₹75000 |
| | ആകെ | | ₹109994 |

മേൽപ്രവൃത്തികളുടെ നിർവഹണോദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ ആണ്.ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം.04 തീയതി 06.03.21 ന് നിർവഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ

മേൽ പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.പ്രവൃത്തിപൂർത്തീകരണവിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-20 തെരുവുവിളക്കുകൾ സ്ഥാപിച്ച വിവരം ഹാജരാക്കിയില്ല

ഓഡിറ്റ് വർഷം 49170 രൂപ വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് വേണ്ടി CREWS -ന് നൽകിയിട്ടുണ്ട്.എന്നാൽ തെരുവുവിളക്കുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.

പ്രോജക്ട് നമ്പർ- 109/20

പ്രോജക്ട്-കോടഞ്ചേരിക്കുന്ന്,ഓട്ടുപുറംകുന്ന്,കുവപ്പാളി,നാട്ടിപ്പാറഎന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിന് തെരുവുവിളക്കുകൾ വാങ്ങൽ.

നിർവഹണം-സെക്രട്ടറി

ഫണ്ട്-വികസനഫണ്ട് ജനറൽ

ചെലവഴിച്ച തുക- 100000രൂപ

ട്രഷറി ബിൽ നമ്പർ/തീയതി -5/09.07.19

ഇൻവോയിസ് പ്രകാരം 22 വിളക്കുകൾ ആണ് വാങ്ങിയിട്ടുള്ളത്. തെരുവുവിളക്കുകൾ വാങ്ങുന്നത് സംബന്ധിച്ച് പ്രൊക്യുയർമെന്റ് കമ്മിറ്റി തീരുമാനമെടുത്തതായും കാണുന്നില്ല.വിളക്കുകൾ സ്ഥാപിച്ചതിന്റെയും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെയും വിവരങ്ങൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി.നം. 17തീയ്യതി 09.03.21പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല.തെരുവുവിളക്കുകൾ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കാത്തതിനാൽ 1,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 തെരുവുവിളക്ക് മെയിന്റനൻസ്-വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല

ഓഡിറ്റ് വർഷം 68,404/- രൂപ തെരുവുവിളക്കുകൾ മെയിന്റനൻസ് നടത്തുന്നതിന് വേണ്ടി ചെലവഴിച്ചിട്ടുണ്ടെങ്കിലുംഏതൊക്കെ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തുവെന്നുള്ള രേഖകൾ ഇല്ല.

പ്രോജക്ട് നമ്പർ- 117/20

പ്രോജക്ട്-തെരുവുവിളക്ക് മെയിന്റനൻസ്

നിർവഹണം-സെക്രട്ടറി

ഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവഴിച്ച തുക- 68404രൂപ

ട്രഷറി ബിൽ നമ്പർ/തീയതി -11/25.07.19

തെരുവുവിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് ടെണ്ടർ മുഖേന ഫോണിക്സ് ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ഭരണസമിതിയുടെ 27.03.18 ലെ 3/2 തീരുമാനപ്രകാരം ടെണ്ടർ അംഗീകരിക്കുകയും ചെയ്തു.എന്നാൽ വർക്ക് ഓർഡർ നൽകിയതായി കാണുന്നില്ല.ഫോണിക്സ് ഇലക്ട്രോണിക്സ് ഹാജരാക്കിയ 05.03.19 ലെ ഇൻവോയിസ് നമ്പർ 112പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുണ്ട്.ഏതൊക്കെ വിളക്കുകൾ മെയിന്റനൻസ് നടത്തുന്നതിന് ആണ് പ്രൊജക്ട് തയ്യാറാക്കിയതെന്നുള്ള വിവരങ്ങൾ ഫയലിൽ ഇല്ല.ഏതൊക്കെ റിപ്പയർ ചെയ്തുവെന്നുള്ള വിവരങ്ങളും ഫയലിൽ ഇല്ല. കെ.എസ്.ഇ.ബി.യുടെ സൂപ്പർവിഷൻ പ്രകാരമാണോ പദ്ധതി നടപ്പാക്കിയതെന്നും വ്യക്തമല്ല.ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 16തീയ്യതി 09.03.21ന് നൽകിയ മറുപടിയിൽ പ്രവൃത്തി ചെയതി എന്നല്ലാതെ മറ്റൊന്നും പറഞ്ഞിട്ടില്ല..മാറ്റിസ്ഥാപിച്ചവിളക്കുകളുടെ ലിസ്റ്റ്, സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ വിവരങ്ങൾ,മോണിട്ടറിംഗ് റിപ്പോർട്ട് ,വിളക്കുകൾ നന്നാക്കിയെന്നുള്ള കെ.എസ്.ഇ.ബി.യുടെ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.രേഖകളുടെ അഭാവത്തിൽ 68404രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 മലഞ്ചെരിപ്പ് കുടിവെള്ളപദ്ധതി പ്രവർത്തനക്ഷമമാക്കിയില്ല.

ഓഡിറ്റ് വർഷം തുക വകയിരുത്തി നടപ്പാക്കിയ മലഞ്ചെരിപ്പ് കുടിവെള്ളപദ്ധതി തുക വകയിരുത്തിയതിലെ അപാകത കാരണം നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ- 94/19

പ്രോജക്ട്-മലഞ്ചെരിപ്പ് കുടിവെള്ളപദ്ധതി

നിർവഹണം- അസി.എൻജിനീയർ

അടങ്കൽ- 200000

ഫണ്ട്- സി.എഫ്.സി ഗ്രാന്റ്

ചെലവഴിച്ച തുക-200000/-

ചെലവഴിച്ച തുക-₹107854,(ട്രഷറിബിൽ നമ്പർ-14/25.06.19)

-₹ 92146,(ട്രഷറിബിൽ നമ്പർ-20/2.8.19)

ഇതിൽ ₹ 92,146/- കെ.എസ്.ഇ.ബിയിൽ അടച്ച.എസ്റ്റിമേറ്റ് പ്രകാരം പൈപ്പ് സ്ഥാപിക്കൽ,പമ്പ് ഹൌസിന്റെ തകർന്ന ഷീറ്റ് നന്നാക്കൽ ഇലക്ട്രിഫിക്കേഷൻ ,മോട്ടോർ സ്ഥാപനം എന്നിവയായിരുന്നു ഉദ്ദേശിച്ചത്.നിലവിൽ പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്.മോട്ടോർ വാങ്ങി വെച്ചിട്ടുണ്ട്.പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1.മുൻപ് കിണർ ,പമ്പ് ഹൌസ് എന്നിവ ഉണ്ടായിരുന്ന പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിരുന്നതെങ്കിലും മുൻപ് എന്തൊക്കെയുണ്ടായിരുന്നു എന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല.കിണർഏത് പദ്ധതിയിൽ ഏത് കാലത്ത് ഉണ്ടായിരുന്നതാണ് എന്നോ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങളോ ഫയലിൽ ഇല്ല.പമ്പ് ഹൌസ് എന്ന് പണിതതാണ് എന്നും വ്യകതമല്ല.

2.ഈ പദ്ധതിയിലുൾപ്പെടുത്തി പൈപ്പ് സ്ഥാപിക്കൽ,പമ്പ് ഹൌസിന്റെ തകർന്ന ഷീറ്റ് നന്നാക്കൽ,മോട്ടോർ വാങ്ങിവെക്കൽ എന്നിവ ചെയ്തിട്ടുണ്ടെങ്കിലും പദ്ധതി പ്രയോജനപ്രദമായിട്ടില്ല.

3. ₹ 92,146/- കെ.എസ്.ഇ.ബിയിൽ അടച്ചിട്ടുണ്ടെങ്കിലും തുക അപര്യാപ്തമായതിനാൽ വൈദ്യുതി ലഭിക്കാത്തതിനാൽ പദ്ധതി ഇപ്പോഴും പ്രവർക്ഷമമല്ല.

4.പ്രവർത്തനക്ഷമാകാത്ത പദ്ധതിക്കുവേണ്ടി മോട്ടോർ വാങ്ങിവെച്ചിരിക്കുന്നത് ഉചിതമല്ല.ഗ്യാരണ്ടി പീരിയഡ് കഴിയുന്നത് പ്രവർത്തനക്ഷമതയെ ബാധിക്കുന്ന നടപടിയാണ്.

ഒരു പദ്ധതി പ്രവർത്തനക്ഷമമാകാനുള്ള എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി തുക വകയിരുത്താത്തതിനാലാണ് ഇത്രയും തുക ചെലവഴിച്ചിട്ടും പദ്ധതി പാതി വഴിയിൽ നിൽക്കുന്നത്.

ഓഡിറ്റ് എൻക്വയറി -23/15.03.21പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ ഈ പ്രവൃത്തി മുൻവർഷങ്ങളിലെ പദ്ധതിയുടെ പൂർത്തീകരണമായി നടപ്പാക്കിയ പ്രോജക്ട് ആണെന്നും പൂർത്തീകരണത്തിനായി തുക വകയിരുത്തുന്നതാണെന്നും കെ.എസ്.ഇ.ബി.യുടെ ഡിമാന്റ് നോട്ടീസ് ലഭിക്കാത്തതുകൊണ്ടാണ് ബാക്കി തുക വകയിരുത്താൻ കഴിയാത്തത് എന്നും അറിയിച്ചു.ഇത്രയും തുക ചെലവഴിച്ചിട്ടും പദ്ധതി പ്രവർത്തനക്ഷമമാകാത്ത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തിരനടപടികൾസ്വീകരിക്കേണ്ടതാണ്.തൻവർഷം പദ്ധതിക്കുവേണ്ടി നടത്തിയ 2 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - രേഖകൾ അപൂർണ്ണം

| | |
|---|---|
| പ്രോജക്ട് നം. | 08/20 |
| പ്രോജക്ടിന്റെ പേര് | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| അടങ്കൽ | 4,75,000 |
| ചെലവ് തുക | 4,75,000 |
| ബിൽ നമ്പർ, തീയതി | 02/19-20/07.11.19 |

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 08/20പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്കൂളികളിലായി പഠിക്കുന്ന 95പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റീൽ മേശയും, സ്റ്റീൽ കസേരയും നൽകൽ പദ്ധതിക്കായി വികസന ഫണ്ടിൽ (ടി.എസ്.പി) നിന്ന് 4,75,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആർട്ട്കോ കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ.117 തിയ്യതി 29-10-2019 പ്രകാരം 3274/-രൂപ വിലയുള്ള 95 സ്റ്റീൽ ടേബിളുകളും, 927.50/-രൂപ വിലയുള്ള 95 കസേരകളുമാണ് (Armed) വാങ്ങിയത്. ആർട്ട്കോ കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി.(അക്കൗണ്ട് നം.67099281397).പദ്ധതിയുടെ ഗുണഭോക്താക്കളായ 95 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പദ്ധതി അനുവദിക്കുന്നതിനുവേണ്ട രേഖകൾ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1)ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികവർഗ്ഗ വകുപ്പ് എന്നിവ മുഖേന സമാനമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ 95 ഗുണഭോക്താക്കൾക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും മേശയും കസേരയും ലഭിച്ചിട്ടില്ല എന്നത് സംബന്ധിച്ച സാക്ഷ്യപത്രം ബന്ധപ്പെട്ട പട്ടികവർഗ്ഗ വകുപ്പ് ഓഫീസറിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2)പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥിനിയാണെന്ന് തെളിയിക്കുന്ന ജാതിസർട്ടിഫിക്കറ്റ് പിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജാതിസർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3)പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്യതപ്പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അംഗീകരിച്ച ഗുണഭോക്തൃപ്പട്ടികയിൽ ഉൾപ്പെടാത്ത വിദ്യാർത്ഥിക്ക് ഫർണ്ണിച്ചർ വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.അതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ4,75,000 /-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (17-03-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.--- )

## 1-24 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 07/20 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| അടങ്കൽ | 2,08,000 |
| ചെലവ് തുക | 83,166 |
| ബിൽ നമ്പർ, തീയതി | 07/19-20/ 24.02.20 |

2019-20 സാമ്പത്തിക വർഷത്തിൽ സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ പദ്ധതിക്കായി ( പ്രൊജക്ട് നമ്പർ -SO7/20) ട്രഷറി ബിൽ നം.07/19-20 തീയ്യതി 24-02-2020 പ്രകാരം വികസന ഫണ്ടിൽ (എസ്.സി.പി) നിന്നും, 83,166/-രൂപ ചെലവഴിച്ചിട്ടുണ്ട്. കെൽട്രോൺ തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ RV20010500430119-20 തീയ്യതി 29.08.2020 പ്രകാരം 3 ലാപ് ടോപ്പാണ് വാങ്ങിയത്. പദ്ധതിയുടെ ഗുണഭോക്താക്കളായ 3 പട്ടികജാതി വിദ്യാർത്ഥികളുടെ അപേക്ഷകളും, പദ്ധതി അനുവദിക്കുന്നതിനുവേണ്ട ആവശ്യമായ രേഖകളും പരിശോധിച്ചപ്പോൾ താഴെപ്പറയുന്നവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് |
|---|---|
| 1 | നീതു.ബി |
| 2 | അമൃത.പി.എം |
| 3 | വിഷ്ണു.ടി.കെ |

ലാപ്ടോപ്പ് കൈപ്പറ്റിയ വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം ഹാജരാക്കാത്ത രേഖകൾ.

1)പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം മുമ്പ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം

2)പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥിനിയാണെന്ന് തെളിയിക്കുന്ന ജാതിസർട്ടിഫിക്കറ്റ് പിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജാതിസർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3)പഞ്ചായത്ത് അംഗീകരിച്ച ഗുണഭോകൃതപ്പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അംഗീകരിച്ച ഗുണഭോക്തൃപ്പട്ടികയിൽ ഉൾപ്പെടാത്ത വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

നിലവിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികജാതി വികസന വികസന വകുപ്പ് എന്നിവ മുഖേന സമാനമായ പദ്ധതികൽ നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും ലാപ്ടോപ്പ് ലഭിച്ചിട്ടില്ലായെന്നത് സംബന്ധിച്ച സാക്ഷ്യപത്രം ബന്ധപ്പെട്ട പട്ടികജാതി വികസന വകുപ്പ് ഓഫീസറിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 83,166 /-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (17-03-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.--- )

## 1-25 കൃഷി ഭവന് യു പി എസ് വാങ്ങൽ പദ്ധതി-വാങ്ങൽ മാർഗ്ഗ രേഖ പാലിച്ചില്ല-കുറവ് രേഖപ്പെടുത്തിയ ടെൻഡർ അംഗീകരിച്ചില്ല.

തൻവർഷം ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കൃഷിഭവന് യു പി എസ് വാങ്ങൽ പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ (ജി.ഒ (പി) 259/2010/തസ്വഭവ തീ. 8.11.2010)പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചില്ല.

പ്രോജക്ട് നമ്പർ- SO 118/19-20

പ്രോജക്ട്-കൃഷിഭവന് യു പി എസ് വാങ്ങൽ പദ്ധതി.

നിർവഹണം- കൃഷി ഓഫീസർ.

ഫണ്ട്-മെയിന്റനൻസ് ഗ്രാന്റ് റോഡിതരം.

അടങ്കൽ - 50,000/- രൂപ

ചെലവ് – 43,890/- രൂപ

ബിൽ നമ്പർ-02/19-20/22.06.19-₹ 43,890/-

04.01.2019 ലെ KBV 20/18-19 ടെൻഡർ പരസ്യ പ്രകാരം 2 KV UPS,180 AH ബാറ്ററി എന്നിവ കൃഷി ഭവനിൽ എത്തിച്ച് സ്ഥാപിച്ച് നൽകുന്നതിനാണ് ടെൻഡർ വിളിച്ചത് 5 സ്ഥാപനങ്ങളുടെ ടെൻഡറിൽ നിന്നും ഏറ്റവും കുറവ് രേഖപ്പെടുത്തിയ സ്ഥാപനം യു പി എസ്സിന് വാറണ്ടി നൽകാത്തതിനാൾ ടെൻഡറിന് പരിഗണിച്ചിട്ടില്ല. ബാക്കി 4 സ്ഥാപനങ്ങളിൽ നിന്ന് ഏറ്റവും കുറവ് രേഖപ്പെടുത്തിയ സൈക്കോനെറ്റ് കൽപ്പറ്റ(43,390)എന്ന സ്ഥാപനത്തെ പരിഗണിക്കാതെ താരതമ്യേന കൂടുതൽ രേഖപ്പെടുത്തിയ ചേഞ്ച് ഇൻഫോലൈൻ കൽപ്പറ്റ(43,890) എന്ന സ്ഥാപനത്തെയാണ് പരിഗണിച്ചത്. രണ്ടു സ്ഥാപനങ്ങളും ഓറിയോൺ എന്ന കമ്പനിയുടെ 2KV -യു പി എസ്സും 200 AH ട്യൂബുലാർ ബാറ്ററിയുമാണ് (വാറണ്ടി-യു പി എസ്-2വർഷം, ബാറ്ററി-42 മാസം) ടെൻഡറിൽ സമർപ്പിച്ചിട്ടുള്ളത്. കൂടുതൽ ക്വോട്ട് ചെയ്ത സ്ഥാപനത്തെ പരിഗണിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 02/2019-20/ 04.03.2021)മറുപടിയായി ചേഞ്ച് ഇൻഫോലൈൻ എന്ന സ്ഥാപനം ബാറ്ററിക്ക് 48 മാസം വാറണ്ടി തന്നതിനാലാണ് പ്രസ്തുത സ്ഥാപനത്തെ പരിഗണിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി സമർപ്പിച്ചിട്ടുണ്ട്. രണ്ടുസ്ഥാപനങ്ങൾ സമർപ്പിച്ച ടെൻഡറിലും 42 മാസ

വാറണ്ടിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടെൻഡർ താരതമ്യ പത്രികയിലും 42 മാസ വാറണ്ടിയാണ് രണ്ടുസ്ഥാപനങ്ങൾക്കും രേഖപ്പെടുത്തിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം (ജി.ഒ (പി) 259/2010/തസ്വഭവ തീ. 8.11.2010)വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. ടെണ്ടർ രേഖകൾ തയ്യാറാക്കി, സ്വീകരിച്ച്, സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി വാങ്ങലുകൾക്ക് അംഗീകാരം നൽകേണ്ടത് പ്രൊക്യൂമെന്റ് കമ്മറ്റിയാണ്.എന്നാൽ പ്രൊക്വയർമെന്റ് കമ്മിറ്റി കൂടാതെയാണ് മേൽ പദ്ധതി നിർവ്വഹിച്ചിട്ടുള്ളത്.സർക്കാർ ഉത്തരവ് നം.07/19 എസ്.പി.ഡി തിയ്യതി.26.04.19 പ്രകാരം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളടക്കമുള്ള സർക്കാർ സ്ഥാപനങ്ങൾ 25000/- രൂപയ്ക്ക് മുകളിലുള്ള പർച്ചേസുകൾ GEM മുഖേന മാത്രമേ വാങ്ങാൻ പാടുള്ളൂ. അപാകതയ്ക്ക് വിശദീകരണം നൽകിയിട്ടില്ല.

യു പി എസ്സ് വാങ്ങിയ വിലയും കുറവ് രേഖപ്പെടുത്തിയ ടെൻഡറും തമ്മിലുള്ള വ്യത്യാസം ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-26 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം നിർമ്മാണമാരംഭിച്ച ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം. - 161/20,163/20,176/20 (ലൈഫ് ഭവന പദ്ധതി)

| ക്രമ.നം | ഗുണഭോക്താവിന്റെ പേര് | യൂണിറ്റ് കോസ്റ്റ് | നാളിതുവരെ കൈപ്പറ്റിയ തുക | ബിൽ നം/ തിയതി | നൽകാൻ അവശേഷിക്കുന്ന തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | ബിന്ദു.എം W/O സന്തോഷ് കുട്ടിയംപറമ്പിൽ ചൂര്യാറ്റ | 4,00,000 | 40.000(P)<br>1,60,000(L)<br>1,00,000(P) | 10/31.05.18<br>85/09.04.19<br>88/28.09.19 | 1,00,000 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു |
| 2 | ബിന്ദു.W/O ഷാജി പുതുക്കുട്ടിക്കുന്ന് പിണങ്ങോട് | 4,00,000 | 40.000(P)<br>1,60,000(L)<br>1,00,000(P) | 12/30.10.18<br>167/22.02.19<br>01/17.08.19 | 1,00,000 | മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ചു |

മേൽ ഗുണഭോക്താക്കളുടെ വീട് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 മാലിന്യസംസ്കരണത്തിന് പണിതീർത്ത കെട്ടിടം നിഷ്ക്രിയമായി അവശേഷിക്കുന്നു

തെക്കും തറ പ്രാഥമികാരോഗ്യകേന്ദ്രത്തിന് മാലിന്യസംസ്കരണത്തിന് വേണ്ടി പണിത കെട്ടിടം നിലവിലും ഉപയോഗിക്കാതെ കിടക്കുന്നു.

പ്രോജക്റ്റ് നമ്പർ- 159/19

പ്രോജക്റ്റ്-കുടുംബാരോഗ്യകേന്ദ്രത്തിന് മിനി എം.സി.എഫ് നിർമ്മാണം

നിർവഹണം- അസി.എൻജിനീയർ

അടങ്കൽ- 250000

ഫണ്ട്-കേന്ദ്രാവിഷ്കൃതഫണ്ട്

ചെക്ക് നമ്പർ - 011386673480205/28.02.20

ചെലവഴിച്ച തുക-₹245960

03.03.21 ന് നടത്തിയ സ്ഥലപരിശോധനയിൽ ,പണിതീർത്ത കെട്ടിടം നിലവിലും ഉപയോഗിക്കുന്നില്ല എന്ന് കണ്ടു.കെട്ടിടത്തിന്റെ വിവരം ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി -06/06.03.21ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ കെട്ടിടം പൂർത്തീകരിച്ച് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ടെന്നും,തുടർനടപടികൾ സ്വീകരിക്കേണ്ടത് ഗ്രാമപഞ്ചായത്താണെന്നും അറിയിച്ചിട്ടുണ്ട്.ഇത്രയും തുക ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം ഉപയോഗക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 വെറ്റിനറി മെഡിക്കൽ ഓഫീസറുടെ അകൗണ്ടിലെ നീക്കിയിരുപ്പ് സംബന്ധിച്ച്.

വെറ്റിനറി മെഡിക്കൽ ഓഫീസറുടെ പേരിലുള്ള കേരള ഗ്രാമീൺബാങ്ക് പിണങ്ങോട് ശാഖയിലെ (അകൗണ്ട് നം.40141100107956)അകൗണ്ടിൽ 23,779.50 രൂപ നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പുള്ള തുക ഏതിനത്തിലുള്ളതാണെന്ന്

വിശദീകരിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം. 09/2019-20/ 08.03.2021 ക്ക് മറുപടിയായി കണ്ടിജൻസിയിനത്തിൽ വെറ്ററിനറി സർജ്ജൻ ചെലവാക്കിയ പണം റീ ഇംബേഴ്സ് ചെയ്യാനുള്ള തുകയും പലിശയിനത്തിൽ വന്ന തുകയുമാണെന്നാണ് വെറ്ററിനറി മെഡിക്കൽ ഓഫീസർ അറിയിച്ചത്. പലിശയിനത്തിലുള്ള തുക തനത് ഫണ്ടിലേക്കും വെറ്ററിനറി സർജ്ജൻ ചെലവാക്കിയ പണത്തിന്റെ വൌച്ചറുകൾ പഞ്ചായത്ത് ഭരണ സമിതിയിൽ വെച്ച് അംഗീകാരം വാങ്ങി ചെലവായ തുക തിരികെ ഈടാക്കി അകൌണ്ട് ക്ലോസ് ചെയ്ത് അറിയിക്കേണ്ടതാണ്.

## 1-29 പൊതുമരാമത്ത് പ്രവൃത്തികൾ- ആസൂത്രണത്തിലും നിർവഹണത്തിലും അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

1) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.റോഡ് രജിസ്റ്റർ, കണക്കുവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത് എന്ന് രേഖകളുടെ അഭാവത്തിൽ വ്യക്തമാകുന്നില്ല.തൻവർഷം നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല.

3) റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ,ചിലതിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.ചെയിനേജ് ഇല്ലാത്തതിനാൽ ഓരോ റോഡിലും എവിടെ പ്രവൃത്തി നടത്തിയെന്ന് കണ്ടെത്താനാകുന്നില്ല..

4)ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല.

5)പല പ്രവൃത്തികളുടെയും കരാറുടമ്പടിയുടെ എല്ലാ പേജുകളിലും ഒപ്പ് വച്ചിട്ടില്ല.

6) പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ടിൽ കൃത്യമായ വിവരങ്ങളില്ല.

7)പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിട്ടസ് ബുക്കിൽ പ്രോജക്ട് രൂപികരണവും നിർവ്വഹണവും സംബന്ധിച്ച് തീരുമാനങ്ങളോരോന്നും രേഖപ്പെടുത്തി കാണുന്നില്ല.11.10.18 ന് പദ്ധതിരൂപീകരണം സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുണ്ടെങ്കിലും ചില പദ്ധതിനിർദ്ദേശങ്ങൾ നൽകി എന്നല്ലാതെ മുൻവർഷപദ്ധതിനിർവഹണം മോണിട്ടർ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.46 പദ്ധതികളാണ് വർക്കിംഗ് ഗ്രൂപ്പിൽ നിർദ്ദേശിച്ചിട്ടുള്ളത്.എന്നാൽ വാർഷികപദ്ധതിച്ചെലവുകണക്കുകൾ പ്രകാരം 81 പദ്ധതികളാണ് രൂപീകരിച്ചിരിക്കുന്നത്.വർക്കിംഗ് ഗ്രൂപ്പിൽ ശുപാർശ ചെയ്യാത്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയവയിൽ ഭൂരിഭാഗവും.2019-20 വർഷത്തെ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് ഒരു യോഗം മാത്രമാണ് നടന്നത്.ഈ യോഗങ്ങളിലൊന്നും തന്നെ മുൻവർഷത്തെ പദ്ധതികൾ അവലോകനം ചെയ്തിട്ടില്ല.പദ്ധതിനിർവഹണം മോണിട്ടർ ചെയ്തിട്ടില്ല.

8) 2019-20 വർഷത്തെ മറ്റ് യോഗങ്ങളുടെ വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ ഒപ്പുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് . 29.10.18,05.12.18 എന്നീ തീയതികളിൽ ഒപ്പുകൾ മാത്രമാണ് രേഖപ്പെടുത്തിയത്.യോഗനടപടികൾ,തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തി കാണുന്നില്ല.

9)തൻവർഷം സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം 81 പ്രോജക്ടുകളാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. ഇതിൽ 44 എണ്ണം നടപ്പാക്കാൻ സാധിച്ചിട്ടില്ല . മരാമത്ത് പ്രവൃത്തികൾക്ക് തുക വകയിരുത്തുകയും എന്നാൽ പ്രോജക്ട് കൃത്യമായി നടപ്പിലാക്കുകയും ചെയ്യാത്തതിനാൽ ഫണ്ട് ലാപ്സായിട്ടുണ്ട്.

10).ചെറിയ ചെറിയ തുകകൾ വകയിരുത്തി ധാരാളം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു.റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാകുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ,പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നില്ല.

11) കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണപ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും പദ്ധതികളുടെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങളോ ,മുൻപ് ഈ പദ്ധതികൾ നടപ്പാക്കിയത് സംബന്ധിച്ച രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

12) റോഡ് നിർമ്മാണപ്രവൃത്തികളിൽ സ്ഥലം വിട്ടുകിട്ടിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തിക്ക് കരാറുകാരന്റെ ലാഭവിഹിതം ,അധികനിരക്കിൽ ഓവർഹെഡ് ചാർജ്ജ് എന്നിവ അനുവദിച്ചുനൽകിയതിനാൽ നഷ്ടം

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ മലഞ്ചെരിപ്പ് റോഡ് കൾവർട്ട് നിർമ്മാണം എന്ന പ്രവൃത്തിക്ക് കരാറുകാരന്റെ ലാഭവും 20% ഓവർഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുടമ്പടി വെച്ചിട്ടുള്ളത്. പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോഴും കരാറുകാരനുള്ള ലാഭ തുകയും ഓവർഹെഡ് ചാർജ്ജും ഒഴിവാക്കാത്തതിനാൽ ₹12,021.5/-രൂപ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1 കാണുക

## 1-31 എസ്.എസ്.കെ.ക്ക് നൽകിയ തുകയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല

ഓഡിറ്റ് വർഷം 3,00,000 രൂപ വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് രണ്ട് പ്രോജക്ടുകളിലായി എസ്.എസ്.കെ വിഹിതം നൽകിയിട്ടുണ്ട്.എന്നാൽ നൽകിയ തുക വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഏതു വിധത്തിൽവിനിയോഗിച്ചുവെന്ന് പരിശോധിച്ചിട്ടില്ല.

1.പ്രോജക്റ്റ് നമ്പർ- 3/20

പ്രോജക്റ്റ്-എസ്.എസ്.കെ.വിഹിതം നൽകൽ.

നിർവഹണം-സെക്രട്ടറി

ഫണ്ട്-വികസനഫണ്ട് ജനറൽ

ചെലവഴിച്ച തുക- 100000രൂപ

ട്രഷറി ബിൽ നമ്പർ/തീയതി -10/25.0719

2.പ്രോജക്റ്റ് നമ്പർ- 4/20

പ്രോജക്റ്റ്-എസ്.എസ്.കെ.വിഹിതം നൽകൽ.

നിർവഹണം-സെക്രട്ടറി

ഫണ്ട്-വികസനഫണ്ട് ടി.എസ്.പി

ചെലവഴിച്ച തുക- 200000 രൂപ

ട്രഷറി ബിൽ നമ്പർ/തീയതി -13/25.0719

ജില്ലാ പ്രോജക്റ്റ് ഓഫീസർ 26.06.19 ന് നൽകിയ വിവിധപദ്ധതികളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന പത്രികയിൽ 2019-20 വർഷം വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ പദ്ധതിവിഹിതം ₹ 7,48,471രൂപയാണെന്നും ആയത് താഴെപ്പറയുന്ന രീതിയിൽ വിവിധപ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചതായും പറഞ്ഞിട്ടുണ്ട്.

| ഇനം | ചെലവഴിച്ച തുക | ചെലവഴിച്ച ഗ്രാമപഞ്ചായത്ത് വിഹിതം |
|---|---|---|
| ജനറൽ | 1271787 | 508715 |
| ടി.എസ്.പി | 599391 | 239756 |
| | 1871178 | 748471 |

എന്നാൽ പത്രികയിൽ പറഞ്ഞ പ്രവൃത്തികൾ എവിടെയാണ് നടത്തിയതെന്ന വിവരവും തുകകൾ ചെലവഴിച്ചതിന്റെ മോണിട്ടറിംഗ് വിവരങ്ങളും ഫയലിൽ ലഭ്യമല്ല. പട്ടികവർഗ്ഗവിഭാഗത്തിലുള്ള കുട്ടികളുടെ എണ്ണം കണക്കാക്കാതെ കൂടുതൽ തുക ടി.എസ് .പി ഫണ്ടിൽ നിന്ന് വകയിരുത്തിയതിന്റെ കാരണവും വ്യക്തമല്ല. വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് ₹3,00,000 നൽകിയപ്പോൾ ₹748471യുടെ ചെലവ് പത്രികയാണ് നൽകിയിരിക്കുന്നത്. നൽകിയ തുകയുടെവിശദമായ വിനിയോഗവിവരങ്ങളും തുക വകയിരുത്തിയതിന്റെ വിശദവിവരങ്ങളും ഓഡിറ്റിന് നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി.നം. 14 തീയ്യതി 08.03.21പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ പദ്ധതി നടപ്പാക്കുന്നത് എസ്.എസ്.കെആണെന്നും മോണിട്ടറിംഗും എസ്.എസ്.കെ ആണെന്നും പറഞ്ഞിട്ടുണ്ട്.ഈ മറുപടി അംഗീകരിക്കാവുന്നതല്ല.ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ ഗ്രാമപഞ്ചായത്ത് നൽകുന്ന തുക വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ മോണിട്ടറിംഗ് നടത്തേണ്ടതുണ്ട്.എസ്.എസ്.കെ നടത്തിയെന്ന് അവകാശപ്പെടുന്ന പ്രവർത്തനങ്ങൾ എവിടെയൊക്കെ നടത്തി എന്നുള്ള വിശദവിവരം ഓഡിറ്റിന് നല്കേണ്ടതാണ്.

## 1-32 അങ്കണവാടി പോഷകാഹാര പദ്ധതി-ഗുണനിലവാരം ഉറപ്പു വരുത്താതെ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത്- സംബന്ധിച്ച്.

നിർവ്വഹണം-ഐ സി ഡി എസ് സൂപ്പർവൈസർ.

| പ്രൊജക്റ്റ് നം. | പ്രൊജക്ടിന്റെ പേര് | ബിൽ/ചെക്ക നമ്പർ | ചെലവ് (₹) |
|---|---|---|---|
| 32/20 | അംഗൺവാടി പോഷകാഹാരം(ജനറൽ) | 02/19-20 Dt 18.10.19(Plan) | 1,88,298 |
| | | 757776/06.03.20(Central Share) | 4,22,929 |
| | | ആകെ | 6,11,227 |
| 33/20 | അംഗൺവാടി പോഷകാഹാരം(ടി.എസ് .പി) | 01/19-20 Dt 19dt19.10.2019(Plan) | 1,00,000 |
| | | 757776/06.03.20 | 3,34,847 |
| | | | |

| | | | |
|---|---|---|---|
| | | (Central Share) | 131150 |
| | | ആകെ | 4,34,847 |

ഗ്രാമപഞ്ചായത്തിലെ 14 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം ശ്രീ അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് തഴപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ സി ഡി എസ് സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 12,260.50 Kg ന്യൂട്രിമിക്സ് വാങ്ങിയതിന് 9,01,182 രൂപ മേൽ സ്ഥാപനങ്ങൾക്ക് നല്കിയിട്ടുണ്ട്.സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010,05.06.2010 എന്നീ തീയതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്.മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-33 മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം നടപ്പിലാക്കിയ പദ്ധതികളിൽ ചെലവ് വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികളുടെ ചെലവ് വൌച്ചറുകൾ ഹാജരാക്കിയിട്ടില്ല.

**1.** കണ്ടിജന്റ് ചെലവുകൾ.

പ്രോജക്ട് നമ്പർ- 159/19-20

പ്രോജക്ട്-ഗവ കുടുംബാരോഗ്യ കേന്ദ്രം കണ്ടിജന്റ് ചെലവുകൾ.

അടങ്കൽ - ₹ 50,000/-

ചെലവ് – ₹ 49,982/-

ബിൽ നമ്പർ- 07/19-20/23.07.19-₹ 5,121/-

06/19-20/25.07.19-₹ 9242/-

14/19-20/13.11.19-₹ 10,350/-

25/19-20/31.03.20- ₹25,269/-

നിർവഹണം- മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം.

ഫണ്ട്-മെയിന്റനൻസ് ഗ്രാന്റ് റോഡിതരം.

മേൽ ബില്ലുകൾ പ്രകാരം 49,982/- രൂപ ചെലവാക്കിയിട്ടുണ്ട്. എന്നാൽ ബിൽ നം.14 പ്രകാരം ചെലവഴിച്ച 10,350/- രൂപയുടെ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബിൽ നം. 25 പ്രകാരം 25,269/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും 25154/- രൂപയുടെ വൗച്ചറുകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. ഹാജരാക്കാൻ ബാക്കിയുള്ള വൗച്ചറുകൾ ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 10/2019-20/ 08.03.2021)മറുപടി ഹാജരാക്കിയിട്ടില്ല. വൗച്ചറുകൾ ഹാജരാക്കേണ്ടതാണ്.

2. <u>പാലിയേറ്റീവ് കെയർ പദ്ധതി .</u>

പ്രോജക്ട് നമ്പർ- 69/19-20

പ്രോജക്ട്-പെയിൻ & പാലിയേറ്റീവ് കെയർ.

അടങ്കൽ - ₹ 5,00,000/-

ചെലവ് – ₹ 3,80,160/-

ബിൽ നം.1/19-20/29.06.2019 –₹ 75,840/-

ബിൽ നം.3/19-20/23.07.2019 –₹ 38,240/-

ബിൽ നം.8/19-20/22.08.2019 –₹ 38,080/-

ബിൽ നം.11/19-20/19.09.2019 –₹ 38,080/-

ബിൽ നം.12/19-20/15.10.2019 –₹ 38,080/-

ബിൽ നം.15/19-20/13.11.2019 –₹ 39,040/-

ബിൽ നം.18/19-20/04.01.2020 –₹ 37,600/-

ബിൽ നം.19/19-20/04.01.2020 –₹ 37,600/-

ബിൽ നം.24/19-20/26.03.2020 –₹ 37,600/-

നിർവഹണം- മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം.

ഫണ്ട്-വികസന ഫണ്ട് ജനറൽ.

കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതിക്കുവേണ്ടി 3,80,160/- ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ നഴ്സിന് ഹോണറേറിയം, ടാക്സി ചാർജ്ജ്, ഭക്ഷണം എന്നിവയ്ക്കാണ് മേൽ തുക ചെലവഴിച്ചത്. പാലിയേറ്റീവ് കെയർ നഴ്സിന്റെ ഹാജർ പട്ടിക, ടാക്സി വാടകക്കെടുത്തതിന്റെ ക്വട്ടേഷൻ, ഭക്ഷണത്തിന് ദിവസേന ചെലവായ വൗച്ചറുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.12/2019-20/08.03.2021)മറുപടി ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്. ചെലവ് തുക ₹ 3,80,160/- തടസ്സത്തിൽ വെക്കുന്നു.

കണ്ടിജന്റ് ചെലവ് ഇനത്തിലുള്ള ഹാജരാക്കാത്ത വൗച്ചറുകളുടെ ചെലവ് തുക 35,504/- രൂപയും പാലിയേറ്റീവ് കെയർ പദ്ധതിക്കുവേണ്ടി ചെവാക്കിയ 3,80,160/- രൂപയും തടസ്സത്തിൽ വെക്കുന്നു. ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-34 ഹോമിയോ ഡിസ്പെൻസറിക്ക് ഫർണ്ണിച്ചർ വാങ്ങൽ പദ്ധതി- ക്വട്ടേഷൻ വിളിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം നിർവ്വഹണ ഉദ്യോഗസ്ഥനായി ഹോമിയോ ഡിസ്പെൻസറിക്ക് ഫർണ്ണിച്ചർ വാങ്ങൽ പദ്ധതിക്ക് പണം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ വിളിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ- SO 120/19-20

പ്രോജക്ട്-ഹോമിയോ ഡിസ്പെൻസറിക്ക് ഫർണ്ണിച്ചർ വാങ്ങൽ.

അടങ്കൽ - ₹ 80,000/-

ചെലവ് – ₹ 79,960/-

ബിൽ നമ്പർ- 05/19-20/23.07.19-₹ 79,960/-

നിർവഹണം- മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം.

ഫണ്ട്-മെയിന്റനൻസ് ഗ്രാന്റ് റോഡിതരം.

കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഹോമിയോ ഡിസ്പെൻസറിക്ക് പുലവർ ഏജൻസീസ് കൽപ്പറ്റയിൽ നിന്ന് (Inv No.158/20.03.2019) 79,960/-രൂപയുടെ ഫർണ്ണിച്ചർ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പാക്കാൻ വേണ്ടി ക്വട്ടേഷൻ വിളിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയവ ഹാജരാക്കേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.11/2019-20/08.03.2021)മറുപടി ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്. ചെലവ് തുക₹ 79,960/- തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -2

## 2-1 വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത-പഞ്ചായത്തിന് നഷ്ടം.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടത്തിന്റെ അടിസ്ഥാനത്തിലുള്ള വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 23/01/2012 ലെ 181/12 ാം നമ്പർ തീരുമാന പ്രകാരം 100 M2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 55/- രൂപയാണ്. മേൽ ചട്ടത്തിലെ 3 ാം ചട്ടത്തിലെ ഉപചട്ടം 2,5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി അടിസ്ഥാന നിരക്ക് 40/-രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച ഏതാനും കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

1.വെങ്ങപ്പള്ളി വില്ലേജിൽ (ബ്ലോക്ക് നം.9, റി.സ.നം.644/1) 11-ആം വാർഡിൽ പത്മനാഭക്കുറുപ്പ്,ശ്രേയസ് വീട്, പിണങ്ങോട് എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിട നംമ്പർ 11/27/A മുതൽ 11/27/D വരെ.

| കെട്ടിടനം | തറ | ഫോം-6 പ്രകാരം നിർണ്ണയിച്ച | ലൈബ്രറിസെസ്-5 | നിർണ്ണയിക്കേണ്ടിയിരുന്ന | ലൈബ്രറിസെസ്-5 |
|---|---|---|---|---|---|

| | വിസ്തീർണ്ണം (M2) | വസ്തു നികതി(ഭൂനിരപ്പ് നില-109.76ച.മി ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-40/- രൂപ-വർദ്ധനവ്(വഴിസൗകര്യം)-20%) | %. | വസ്തുനികതി(ഭൂനിരപ്പ് നില-109.76ച.മി ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-55/- രൂപ-വർദ്ധനവ്(വഴിസൗകര്യം)-20%) | %. |
|---|---|---|---|---|---|
| 11/27A | 27.88 | 1339 | 67 | 1534 | 77 |
| 11/27B | 27 | 1296 | 65 | 1485 | 75 |
| 11/27C | 27.44 | 1318 | 66 | 1509 | 76 |
| 11/27D | 27.44 | 1318 | 66 | 1509 | 76 |
| ആകെ | 109.76 | 5271 | 264 | 6037 | 304 |

ഈ കെട്ടിടത്തിന് വസ്തുനികതി നിർണ്ണയിച്ചതിൽ 806/- രൂപയുടെ കുറവുണ്ട്.( വസ്തുനികുതി-766/- ലൈബ്രറിസെസ്-40/-)

2. വെങ്ങപ്പള്ളി വില്ലേജിൽ (റി.സ.നം.434/6,434/13) 8-ആം വാർഡിൽ ഉസ്മാൻ, കാതിരി ഹൗസ്,മടക്കിമല എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിട നമ്പർ 08/124/A മുതൽ 08/124/F വരെ.

| കെട്ടിടനം | തറ വിസ്തീർണ്ണം (M2) | ഫോം-6 പ്രകാരം നിർണ്ണയിച്ച വസ്തു നികതി(ഭൂനിരപ്പ് നില-107.82ച.മി ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-40/- രൂപ-വർദ്ധനവ്(വഴിസൗകര്യം)-20%) | ലൈബ്രറിസെസ്-5 %. | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികതി(ഭൂനിരപ്പ് നില-107.82ച.മി ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-55/- രൂപ-വർദ്ധനവ്(വഴിസൗകര്യം)-20%) | ലൈബ്രറിസെസ്-5 %. |
|---|---|---|---|---|---|
| 08/124/A | 17.97 | 863 | 44 | 1187 | 60 |
| 08/124/B | 17.97 | 863 | 44 | 1187 | 60 |
| 08/124/C | 17.97 | 863 | 44 | 1187 | 60 |
| 08/124/D | 17.97 | 863 | 44 | 1187 | 60 |
| 08/124/E | 17.97 | 863 | 44 | 1187 | 60 |
| 08/124/F | 17.97 | 863 | 44 | 1187 | 60 |
| ആകെ | 107.82 | 5178 | 264 | 7122 | 360 |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 2040/- രൂപയുടെ കുറവുണ്ട്.( വസ്തുനികുതി-1944/- ലൈബ്രറിസെസ്-96/-)

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/2019-20/ 10.03.2021) സമർപ്പിച്ച മറുപടിയിൽ വസ്തുനികുതിയിനത്തിൽ കുറവുവന്ന തുക കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തു നികുതിയിനത്തിൽ കുറവു വന്ന 2846/- രൂപ കെട്ടിടത്തിന്റെ നികുതി പ്രാബല്യത്തിൽ വന്ന 01/04/2019 മുതൽ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും 100 ച.മീ. ന് മുകളിൽ വിസ്തീർണ്ണമുള്ള മറ്റ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചത് പുനപരിശോധിച്ച് ശരിയായ രീതിയിലാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## ഭാഗം -3

## 3-1 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തിക്ക് കരാറുകാരന്റെ ലാഭവിഹിതം ,ഓവ്വഹെഡ് ചാർജ്ജ് എന്നിവ അനുവദിച്ചതിനാൽ നഷ്ടം

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ മലഞ്ചെരിപ്പ് റോഡ് കൾവർട്ട് നിർമ്മാണം എന്ന പ്രവൃത്തിക്ക് കരാറുകാരന്റെ ലാഭവും 20% ഓവർഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുടമ്പടി വെച്ചിട്ടുള്ളത്. പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോഴും കരാറുകാരനുള്ള ലാഭ തുകയും ഓവർഹെഡ് ചാർജ്ജും ഒഴിവാക്കാത്തതിനാൽ ₹12,021.5/-രൂപ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0104/18 |
| അടങ്കൽ | 429000/-രൂപ (സി.എഫ്.സി.ഗ്രാന്റ്) |
| ചെലവ് | ഒന്നാം പാർട്ട് ബിൽ 3,00,802 രൂപയിൽ നികുതികൾ,റീടെൻഷൻ ,ഓവർഹെഡ് ചാർജ്ജ് 7.5% എന്നിവ കുറച്ച് 2,64,706/-രൂപ ഡി.ഡി.നമ്പർ-881502/16.06.17<br>ഫൈനൽ ബിൽ 1,15,286 രൂപയിൽ നികുതികൾ,ഓവർഹെഡ് ചാർജ്ജ്7.5% എന്നിവ കുറച്ച് റീടെൻഷൻ ഉൾപ്പെടെ 111827 /- രൂപ ട്രഷറി ബിൽ 16/25.06.19 പ്രകാരം നൽകി |
| എം. ബുക്ക് നമ്പർ | 43/2016-17 (പേജ് നം. 1-25)<br>44/2016-17 (പേജ് നം. 1-25)<br>67/17-18 (പേജ് നം. 1-9) |

| | |
|---|---|
| കരാറുടമ്പടി നമ്പർ | AE/LSGD/VGP/40/2016-17, 20.03.2017 |
| കൺവീനർ | ശ്രീ. കെ.മുരളീധരൻ |
| അളവ് പുസ്തക പ്രകാരം പ്രവൃത്തി മൂല്യം | 416088/-രൂപ |

അധികമായി നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | പ്രവൃത്തി ഇനങ്ങൾ | ചെയ്ത അളവ് | അനുവദിച്ച നിരക്ക്, തുക | അനുവദിക്കേണ്ടിയിരുന്ന നിരക്ക്, തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1.1 | Earth Exavation | 23.626 ഘ.മീ. | 64.31/ഘ.മീ. , ₹1519.4 | 50.15/ഘ.മീ. , ₹1184.84 | ₹ 334.56 |
| 1.2 | Granular Sub-Base | 5.985 ഘ.മീ. | 3227.92/ഘ.മീ. ₹19319.1 | 2647.97/ഘ.മീ. ₹15848.1 | ₹3471 |
| 1.3 | P.C.C 1:3:6 | 5.985 ഘ.മീ. | 6775.51/ഘ.മീ. ₹40551.42 | 5568.01/ഘ.മീ., ₹33324.53 | ₹7226.88 |
| 1.4 | P.C.C Grade M15 | 15.93ഘ.മീ. | 8312.86/ഘ.മീ. 132423.86 | 6852.07/ഘ.മീ. ₹109153.47 | ₹23270.38 |
| 1.5 | P.C.C Grade M20 | 5.5 M3 | 9241.45/ഘ.മീ. 50827.97 | 7618.78/ഘ.മീ. ₹41903.29 | ₹8924.68 |
| | | | | ആകെ അധികം നൽകിയത് | ₹43227.5 |

ക്രമനമ്പർ 2.1 മുതൽ 3.4 വരെയുള്ള ഇനങ്ങളിൽ ഗുണഭോക്തൃസമിതി നിരക്ക് ആണ് നൽകിയിരിക്കുന്നത്.തുക നൽകിയപ്പോൾ രണ്ട് ബില്ലുകളിലായി ഓവർഹെഡ് ചാർജ്ജ് എന്ന് കാണിച്ച് ₹31206 (22560 +8646) കുറവ് വരുത്തിയിട്ടുണ്ട്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 07 /19-20 തീയതി 06.03.21ന് നൽകിയ മറുപടിയിൽ Price സോഫ്റ്റ് വെയറിൽ വന്ന അപാകതകൾ കാരണമാണ് ഇത് സംഭവിച്ചത് എന്നും ഇതുവരെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.ക്രമനമ്പർ 1.1 മുതൽ 1.5 വരെ അധികം നൽകിയതിൽ ₹120,21.5 രൂപ ഉത്തരവാദികളിൽ നിന്നുംതിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 മലഞ്ചെരിപ്പ് കാരാറ്റ നടപ്പാത സൈഡ് കെട്ട്,മണ്ണ് ഫില്ലിംഗ് -കൺസോളിഡേഷൻ കുറക്കാത്തതിനാൽ അധികച്ചെലവ് .

ഓഡിറ്റ് വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തിയിൽ സൈറ്റിൽ മണ്ണ് നിറച്ചതിന്റെ കൺസോളിഡേഷൻ കുറവ് വരുത്തിയിട്ടില്ല. എസ്റ്റിമേറ്റിലെ ഒന്നാമത്തെ ഇനമായ "Filling With Contractors Earth (Excluding Rock)In Open Areas " എന്ന പ്രവൃത്തിയിൽ 88.834 M3 പ്രവൃത്തി ചെയ്തതിന് 20% കൺസോളിഡേഷൻ നടത്താതെ തുക അനുവദിച്ചതിനാൽ 4894 രൂപ (88834x20/100x275.44)അധികം നൽകിയിട്ടുമുണ്ട്.

പ്രോജക്ട് നമ്പർ-114/19

പ്രോജക്ട്-മലഞ്ചെരിപ്പ് കാരാറ്റ നടപ്പാത സൈഡ് കെട്ട്,മണ്ണ് ഫില്ലിംഗ്

നിർവഹണം-അസി.എഞ്ചിനീയർ

അടങ്കൽ- ₹ 2,00,000

ചെലവഴിച്ച തുക - ₹2,00,000

ഫണ്ട്-CFC ഗ്രാന്റ്

ട്രഷറി ബിൽ നമ്പർ,തുക-36/01/20/18.01.20

ഓഡിറ്റ് എൻക്വയറി നമ്പർ 5 തീയതി 06.03.21 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നിർവഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ സൈറ്റിൽ കൺസോളിഡേഷൻ കഴിഞ്ഞതിനാലാണ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തൽ നടത്തിയത് എന്നാണ്.ഈ മറുപടി അംഗീകരിക്കാവുന്നതല്ല.അളവുപുസ്തകത്തിൽ

കൺസോളിഡേഷൻ സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടില്ല.അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2019-20 | 15.03.2021&16.03.2021 | ----- |

### 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 6,00,000 | 176/20 ലൈഫ് ഭവന പദ്ധതി(റ്റി എസ് പി) | 1,46,105 | 136,598 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | | 161/20 ലൈഫ് ഭവന പദ്ധതി(ജനറൽ) | 3,17,297 | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 93,600 | നെൽകൃഷി വികസനം | 93600 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 14,97,882 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 14,97,882 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 27945 | ലൈഫ് ഭവന പദ്ധതി(റ്റി എസ് പി) | 27945 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം/ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 140/20 മൊട്ടത്താൻ-തുർക്കി നെല്ലിക്ക തെരുവ് വിളക്ക് ലൈൻ വലിക്കൽ | 69/21-08-2019 | 75000 | 75000 | 0 |
| കെ എസ്.ഇ.ബി | 146/20 നാക്കാക്കുനി കോളനി തെരുവ് വിളക്ക് ലൈൻ വലിക്കൽ | 128/30-12-2019 | 34994 | 34994 | 0 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലൈഫ് ഭവന പദ്ധതി 2018-19 | --- | 62,37,035 | 62,37,035 | 7,50,000 | 73,27,035 |
| KURDFC ലൈഫ് ഭവന പദ്ധതി 2019-20 | ----- | 18,40,000 | | | |
| ആകെ | | 80,77,035 | 62,37,035 | 7,50,000 | 73,27,035 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,29,559 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| പലിശ | 12,460 |
| ആകെ | 3,42,019 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 3,42,019 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ജില്ല സഹകരണ ബാങ്ക് കൽപ്പറ്റ സായാഹ്ന ശാഖ | 3,42,019 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻ വർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2015-16 | 3-1 | 4000 | ഡോ.നസ്റുൽ ഇസ്ലാം.എം .ഒ (പി എച്ച് സി) | 119010100193/28.05.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 – വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3.15 | 2010-11 മുതൽ 2011-12 വരെ | 4.21 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യകത പരിഗണിക്കാതെ പൈപ്പുകൾ വാങ്ങി കൂട്ടി | 13 പൈപ്പുകൾ ഇനിയും കണ്ടെത്താനുണ്ട്. 31,154 രൂപയുടെ നഷ്ടം ഉണ്ടായതായി ഭരണ സമിതി കണ്ടെത്തി.തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക.

| റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയുടെ പേര് | തുക | തുക അടവാക്കിയ തിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|
| 2000-01 | 32, 33, 34 | ശ്രീ ജയകുമാർ അസി.എഞ്ചിനീയർ | 62,526/- രൂപ | അടവാക്കിയിട്ടില്ല. | .ശ്രീ ജയകുമാർ മരണപ്പെട്ടു |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹43589665 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹47499968 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹2846 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹16915.5 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1342234 |

### (ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | ₹2846 | | ബിജേഷ്.എ).എം,സെക്രട്ടറി |
| 3-1 | | ₹12021.5 | പ്രവീൺ.പി.എൽ,അസി.എഞ്ചിനീയർ |
| 3-2 | | ₹4894 | പ്രവീൺ.പി.എൽ,അസി.എഞ്ചിനീയർ |
| ആകെ | ₹2846 | ₹16915.5 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | ₹100000 | ബിജേഷ്.എ).എം,സെക്രട്ടറി |
| 1-21 | ₹68404 | ബിജേഷ്.എ).എം,സെക്രട്ടറി |
| 1-22 | ₹200000 | പ്രവീൺ.പി.എൽ,അസി.എഞ്ചിനീയർ |
| 1-23 | ₹475000 | ശ്രീമതി.മേരി,നെല്ലംകുഴിയിൽ,ഹെഡ്മിസ്ട്രസ് |
| 1-24 | ₹83166 | ശ്രീമതി.മേരി,നെല്ലംകുഴിയിൽ,ഹെഡ്മിസ്ട്രസ് |
| 1-33 | ₹415664 | ഡോ.അബ്രഹാം ജേക്കബ്, മെഡിക്കൽ ഓഫീസർ.പി.എച്ച്.സി |
| ആകെ | ₹1342234 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബിജേഷ്.എ).എം,സെക്രട്ടറി | സെക്രട്ടറി,വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് | ആഞ്ഞിലിവേലിൽ വീട് അടക്കാത്തോട്.പി.ഒ, കണ്ണൂർ.ജില്ല |
| പ്രവീൺ.പി.എൽ,അസി.എഞ്ചിനീയർ | - | പ്രവിതം വീട്, പൂന്തലത്താഴം, കിളിക്കൊല്ലൂർ.പി.ഒ കൊല്ലം |

<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.</u>

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ |
|---|---|

| | |
|---|---|
| | കത്തിടപാടിന്റെ വിവരം |
| 1988-89 | LF(W)P3 283/93 തിയ്യതി 16/06/2019 |
| 1989-90 | LF(W)P3 283/93 തിയ്യതി 16/06/2019 |
| 1990-91 | LF(W)P3 283/93 തിയ്യതി 16/06/2019 |
| 1995-96 | LF(W)P1/758/0/Dt 11.12.08 /6.2.09 |
| 1996-97 | LF(W)P3/260/98 16/06/19 |
| 1997-98 | LF(W)P3/17/00 16.6.2019 |
| 1998-99 | LF(W)P3/260/98 02.07.04 |
| 1999-00 | LF(W)P3/17/00 16.6.2019 |
| 2000-01 | LF(W)P3/134 /02 /16-07-19 |
| 2001-02 PLAN | LF(W)P3/569 /16-07-19 |
| 2001-02 | LF(W)P1/93 /07/16-07-19 |
| 2002-03 | LF(W)P1/814 /07/ 16/07/2019 |
| 2003-04 | LF(W)P1/911 /16/07/2019 |
| 2004-05 | LF(W)P1/910 /08/ 16.07.19 |
| 2005-06 | LF(W)P1/409 /09 16.07.19 |
| 2006-07 | LF(W)P1/416 /09 10/07/19 |
| 2007-08 | LF(W)P1/822 /10 12.4.2012 |
| 2008-09 | LF(W)P1/823 /10 17.5.13 |
| 2009-10, 2010-11 | LF(W)P1/576 /12 4.9.12 |
| 2011-12 | LF(W)P1/1031 /14/ 05/06/15 |
| 2012-13,2013-14, | LF(W)P1/902 /17/03/2018 |
| 2014-15 | K.S.A(WYD)P1-278/16-17/03/2018 |
| 2015-16 | K.S.A(WYD)P1-11/17-17/01/2017 |
| 2016-17 | K.S.A(WYD)P1-/419/2017 Dtd 06/05/2019 |
| 2017-18 | K.S.A(WYD)P1-732/18/07/05/18 |
| 2018-19 | K.S.A(WYD)P1-51/2020 Dt 01/02/2020 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
വയനാട് കൽപ്പറ്റ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-III

## ഖണ്ഡിക 1-13 ന്റെ അനുബന്ധം

25.06.2019 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 15/19-20 തീരുമാന പ്രകാരം ഘടനാമാറ്റമോ കൂട്ടിചേർക്കലോ വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

100 ച.മീ ന് മുകളിൽ വിസ്തീർണ്ണമുള്ളത്.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം |
|---|---|---|
| 1 | അബ്ദുൾ റഹമാൻ വെങ്ങളത്ത് | 10/46 |
| 2 | സാലിഹ് അയ്യർ,പിണങ്ങോട് | 10/54 |
| 3 | അഷ്റഫ് കുനിയിൽ,പിണങ്ങോട്. | 10/150 |
| 4 | എൻ അസ്സീസ്, നെല്ലിക്ക, പിണങ്ങോട്. | 10/133 |
| 5 | ഷിഫാനത്ത്, മണക്കോടൻ,പിണങ്ങോട്. | 10/117 |
| 6 | കെയാമു,പുളിയൻ ചാലിൽ,പിണങ്ങോട്. | 10/29 |
| 7 | ടി.പി.സൈനുദ്ധീൻ,തെങ്ങും പറമ്പിൽ. | 10/55 |
| 8 | കുഞ്ഞബ്ദുള്ള പി.കെ | 10/133A |
| 9 | എം ശിവദാസൻ,വൃന്ദാവനം | 9/112 |
| 10 | അസ്സനാർ, കണ്ണോത്ത്, പിണങ്ങോട്. | 9/115 |
| 11 | മുസ്തഫ,ചാലയിൽ,പിണങ്ങോട്. | 9/146 |
| 12 | അബ്ദുള്ള, കുടുക്കിൽ, പിണങ്ങോട്. | 9/33A |
| 13 | മൊയ്തു,പെട്ടിന്റെവിട,പുഴമുടി. | 8/76 |
| 14 | സൈനബ,മുക്രി,പുഴമുടി. | 8/92 |
| 15 | കുഞ്ഞുമുഹമ്മദ്,ചാലക്കത്തൊടി,പുഴമുടി. | 8/97 |
| 16 | അബ്ദുറസാഖ്.വി കെ | 8/99A |
| 17 | പി.വി.മുസ്തഫ | 8/46 |
| 18 | തങ്കലക്ഷ്മി | 8/223 |
| 19 | ആയിഷ നെടിയറമ്പത്ത് | 10/115 |
| 20 | ഹമിദ അബ്ദുള്ള | 8/5 |
| 21 | അഖിൽ കുമാർ | 8/35A |
| 22 | പാത്തുമ്മ മുതൽപേർ | 8/61 |
| 23 | മുസ്തഫ കെ,കളരിക്കൽ | 9/169 |
| 24 | സുലൈഖ ചള്ളിയാടി. | 9/220 |
| 25 | കെ കെ ലക്ഷ്മിയമ്മ | 6/2 |
| 26 | എൻ ജെ മത്തായി. | 6/11 |
| 27 | നാരായണൻ, നീരജ്ഭവൻ. | 6/14-2 |
| 100 ച.മീ ന് താഴെ വിസ്തീർണ്ണമുള്ളത്. | | |
| 28 | മൈമൂന ഉസ്മാൻ | 9/1 |
| 29 | നബീസ മണ്ണക്കര | 10/78 |
| 30 | ജമീല മാണ്ടാത്ത്. | 8/21 |
| | | |

| | | |
|---|---|---|
| 31 | വി.എസ് നിർമ്മല | 8/53 |
| 32 | സരസ്വതി.പി | 8/54 |
| നമ്പറിടാത്ത കെട്ടിടങ്ങൾ. | | |
| 33 | അയ്യൂബ്, തോട്ടശ്ശേരി. | |
| 34 | ഉസ്മാൻ | |
| നിലവിൽ കൂട്ടിച്ചേർക്കൽ നടന്നുകൊണ്ടിരിക്കുന്നവ. | | |
| 35 | പള്ളിപ്പാറ സൌദ | 9/85 |
| 36 | മുഹമ്മദ് സാലി | 9/77 |
| 37 | ഇസ്മയിൽ റംല | 9/189 |

മേൽ കെട്ടിടങ്ങൾ കൂടാതെ ഘടനാമാറ്റമോ കൂട്ടിചേർക്കലോ വരുത്തിയിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടേയും വിവരങ്ങൾ ശേഖരിച്ച് കുറവുവന്ന നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.